# കേരള കാർഷിക സർവ്വകലാശാല

## ബജറ്റ് പ്രസംഗം 2023-24

പ്രിയപ്പെട്ട ജനറൽകൗൺസിൽ അംഗങ്ങളേ,

ഏവർക്കും നമസ്കാരം

കേരള കാർഷിക സർവ്വകലാശാലയുടെ 2023-24 സാമ്പത്തികവർഷത്തിലേക്കുള്ള ബജറ്റ് അംഗങ്ങളുടെ അനുമതിയോടെ ജനറൽ കൌൺസിലിന്റെ മുമ്പാകെ അവതരിപ്പിക്കുകയാണ്.

2017 മുതൽ നമ്മുടെ സംസ്ഥാനത്തെ ഗ്രസിച്ച പ്രകൃതി ദുരന്തങ്ങൾക്കും കോവിഡ് മഹാമാരിക്കും ശേഷം സംസ്ഥാനത്തെ കാർഷിക മേഖല പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കൃഷിയും അനുബന്ധ മേഖലയിലെയും വളർച്ചാ നിരക്ക് 2020 - 21 ലെ 0.24ൽ നിന്ന് 2021-22 ൽ 4.64 ശതമാനം വളർച്ച നേടിയത് ശുഭോദർക്കമാണ്. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയിൽ കാർഷികാവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമിയുടെ വിഹിതം കുറഞ്ഞു വരികയാണെങ്കിൽ പോലും സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവനമാർഗ്ഗമായി കൃഷി തുടരുന്നു. അതോടൊപ്പം തന്നെ പ്രതിശീർഷ ഭൂമി ലഭ്യതയിലുള്ള കുറവ് കർഷകരുടെ വരുമാനത്തെ സാരമായി ബാധിക്കാതിരിക്കാൻ ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിലൂടെ മാത്രമേ സാധിക്കൂ.

ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള ആധുനിക ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ കർഷകർക്കായി വികസിപ്പിച്ചെടുക്കുന്നതിൽ കേരള കാർഷിക സർവ്വകലാശാല സ്തുത്യർഹമായ പങ്കാണ് വഹിക്കുന്നത്. കേരളത്തിലെ നെല്ലിന്റെ ഉത്പാദന ക്ഷമത 2012 - 13 ലെ 2577

(കി.ഗ്രാം/ഹെക്ടർ) ൽ നിന്ന് 2020-21ൽ 3105 (കി.ഗ്രാം/ഹെക്ടർ) ലേക്കെത്തുന്നതിൽ (20 ശതമാനം വളർച്ച) കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത അത്യുത്പാദന ശേഷിയുള്ള ഇനങ്ങൾ, വിള പരിപാലന കീട - രോഗ നിയന്ത്രണ മാർഗ്ഗ നിർദേശങ്ങൾ എന്നിവയെല്ലാം തന്നെ ഉത്പാദനക്ഷമതാ വർദ്ധനവിന് സഹായകരമായിട്ടുണ്ട്. പച്ചക്കറി വിളകളുടെ ഉത്പാദനക്ഷമത ഒരു ഹെക്ടറിന് 15.39 ടൺ എന്ന നിലവാരത്തിലേക്കുയർത്തുന്നതിലും കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക വിദ്യകൾ സഹായകരമായിട്ടുണ്ട്.

വിവിധ വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ പദ്ധതികൾക്ക് സാങ്കേതിക വിദ്യയിലൂടെ ശക്തമായ പിന്തുണ നൽകാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കഴിയുന്നുണ്ട്. തെങ്ങിന്റെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുന്നതിനായുള്ള കേരള സർക്കാരിന്റെ പദ്ധതിയിൽ എല്ലാ കൊല്ലവും 3 ലക്ഷത്തോളം തെങ്ങിൻ തൈകൾ കാർഷിക സർവ്വകലാശാല ഉത്പാദിപ്പിച്ച് കൃഷി വകുപ്പിലൂടെ കർഷകർക്ക് നൽകി വരുന്നുണ്ട്. അത് പോലെ തന്നെ സർക്കാരിന്റെ ഒരു കോടി ഫല വൃക്ഷ തൈ പദ്ധതിയിലൂടെ 5 ലക്ഷം ഫല വൃക്ഷ തൈകളും കൃഷി വകുപ്പിലൂടെ വിതരണം ചെയ്തിട്ടുണ്ട്.

മൂപ്പു കുറഞ്ഞ മനുരത്ന പോലുള്ള നെല്ലിനങ്ങൾ സർവ്വകലാശാല വികസിപ്പിച്ചെടുത്തത് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളെ മറികടക്കാൻ ഒരു പരിധി വരെ കർഷകരെ സഹായിച്ചിട്ടുണ്ട്. മണ്ണിലെ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്ത സൂക്ഷ്മ മൂലക കൂട്ടുകൾ കർഷകർക്കിടയിൽ വലിയ സ്വീകാര്യതയാണ് നേടിയിട്ടുള്ളത്. ഉത്പന്ന സംസ്കരണത്തിലൂടെയും മൂല്യ വർദ്ധിത

ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിലൂടെയും കാർഷിക സർവ്വകലാശാല സാങ്കേതിക വിദ്യകൾ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതോടൊപ്പം പുതു തലമുറയെ കാർഷിക സംരംഭകത്വ മേഖലയിലേക്ക് ആകർഷിക്കുവാനും സാധിച്ചിട്ടുണ്ട്.

കേരളത്തിലെ കർഷകരുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുന്നതിനും മാറുന്ന കാലാവസ്ഥക്കനുസൃതമായിട്ടുള്ള സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുന്നതിനും കാർഷിക സർവ്വകലാശാല പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യങ്ങൾ മുൻ നിർത്തിയുള്ള പദ്ധതി പ്രവർത്തനങ്ങളാണ് 2023 - 24 ലേക്ക് വിഭാവനം ചെയ്തിട്ടുള്ളത്.

# 2022-23 അവലോകനം

## I. വിദ്യാഭ്യാസം

- 2022-23 വാർഷിക പദ്ധതി പ്രകാരം വിദ്യാഭ്യാസത്തിന് കീഴിലുള്ള പ്ലാൻ പദ്ധതികൾക്ക് ആദ്യ ഗഡുവായി 492 ലക്ഷം രൂപ അനുവദിച്ചത് വിവിധ കോളേജുകളിലേക്ക് ആയി പ്രയോജനപ്പെടുത്തി.

- അനുവദിച്ച 492 ലക്ഷം രൂപയിൽ 103 ലക്ഷം RAWE Project നും, 294 ലക്ഷം എം.എസ്.സി, പി.എച്ച്.ഡി വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായത്തിനും ഗവേഷണ ഗ്രാന്റിനും വേണ്ടിയാണ് നൽകപ്പെട്ടിട്ടുള്ളത്. യു.ജി പ്രോഗ്രാം ശക്തിപ്പെടുത്തുന്നതിനായി 30 ലക്ഷം രൂപയും, പി.ജി പ്രോഗ്രാം ശക്തിപ്പെടുത്തുന്നതിനായി 20 ലക്ഷം രൂപയും അനുവദിച്ചു. Experiential Learning Programme നായി 10 ലക്ഷം രൂപയും അനുവദിച്ചു. ഡയറക്ടറേറ്റ് ഓഫ് എഡ്യൂക്കേഷനും എക്സാമിനേഷൻ വിങ്ങും ശക്തിപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ ഓൺലൈൻ എക്സാമിനേഷൻ സുഗമമാക്കി നടത്തുന്നതിനായി 10 ലക്ഷം രൂപയും അനുവദിച്ചു. കെ.എ.യു

ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 15 ലക്ഷം രൂപയും അനുവദിച്ചു.

- Online Fee Payment പോർട്ടലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
- 2022-23 സാമ്പത്തിക വർഷത്തിൽ ഐ.സി.എ.ആർ ഡെവലപ്മെന്റ് ഗ്രാന്റിന്റെ ആദ്യ ഗഡുവായി മൊത്തം 1,60,20,000/- (ഒരു കോടി അറുപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**സർവ്വകലാശാല കേന്ദ്ര ലൈബ്രറി**

കേരള കാർഷിക സർവ്വകലാശാല കേന്ദ്ര ലൈബ്രറി, വിവിധ കോളേജുകളിലെയും സ്റ്റേഷനുകളിലെയും ലൈബ്രറികൾ എന്നിവ ആധുനികവൽകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ലഭ്യമായ പ്ലാൻ വിഹിതം, കാർഷിക ഗവേഷണ കൗൺസിൽ ധനസഹായം എന്നിവ ഉപയോഗിച്ച് പ്രധാനമായും താഴെ പറയുന്ന ലൈബ്രറി സംവിധാന ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി:

- കേരള കാർഷിക സർവ്വകലാശാലയിലെ ഏതൊരാൾക്കും അവരവരുടെ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത വിവരങ്ങൾ, പുസ്തകങ്ങൾ, ആർട്ടിക്കിൾ, ജേർണൽ എന്നിവ സർവ്വകലാശാലയുടെ മറ്റു ക്യാമ്പസുകളിൽ ലഭ്യമായവ എവിടെയും എത്തിച്ചു കൊടുക്കുവാൻ വേണ്ടി ഇന്റർ ലൈബ്രറി ലോൺ സംവിധാനം ഏർപ്പെടുത്തി. അതുകൂടാതെ കാർഷിക സർവ്വകലാശായ്ക്ക് പുറത്തു നിന്നും വിവരം ശേഖരിക്കുന്നതിനായി ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന DELNET എന്ന സ്ഥാപനത്തിൽ അംഗത്വം നേടുകയും അതുവഴി ഏതു വിവരവും സർവ്വകലാശാലയിലെ ആവശ്യങ്ങൾക്ക് എത്തിച്ചുകൊടുക്കാവുന്ന ബൃഹത് പദ്ധതി ആരംഭിച്ചു.

- <u>മൈ ലോഫ്റ്റ് (മൈ ലൈബ്രറി ഓൺ ഫിംഗർ ടിപ്പ് MyLOFT )</u>

നിലവിലുള്ള എല്ലാ ഓൺലൈൻ റിസോഴ്സസ് സബ്സ്ക്രിപ്ഷൻ പുതുക്കുകയും സർവ്വകലാശാല വാങ്ങുകയും ചെയ്യുന്ന റിസോഴ്സുകൾ എല്ലാ ശാസ്ത്രജ്ഞർക്കും, അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും എവിടെയിരുന്നാലും ഉപയോഗിക്കാൻ കഴിയുംവിധം റിമോട്ട് ആക്സസ് ആപ്ലിക്കേഷനായ MyLOFT നടപ്പിലാക്കുകയും ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ എല്ലാ മാസവും സംഘടിപ്പിക്കുകയും ചെയ്തു.

- <u>കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (KALNET)</u>

കേരളത്തിലെ എല്ലാ സർവ്വകലാശാല ലൈബ്രറികൾ, കോളേജ് ലൈബ്രറികൾ എന്നിവയിൽ ലഭ്യമായിട്ടുള്ള പുസ്തകങ്ങൾ, ജേർണലുകൾ, ഗവേഷണ പ്രബന്ധങ്ങൾ, മറ്റ് ലൈബ്രറി വിഭവങ്ങൾ എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു ലൈബ്രറി നെറ്റ് വർക്ക്, കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (KALNET) എന്ന പേരിൽ ആരംഭിക്കാൻ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചതിൻ പ്രകാരം അതിന്റെ ആദ്യ പടിയായി എല്ലാ സർവ്വകലാശാല ലൈബ്രറികളിലേയും കാറ്റലോഗ് ഡാറ്റ സംയോജിപ്പിച്ച് ഒരു ഓൺലൈൻ പൊതു കാറ്റലോഗ് തയ്യാറാക്കിയതിൽ 20 ലക്ഷത്തോളം പുസ്തകങ്ങളുടെ വിവരങ്ങൾ കേരള കാർഷിക സർവ്വകലാശാലയ്ക്കു ലഭ്യമായി തുടങ്ങി. അവ എപ്രകാരം ഉപയോഗിക്കാമെന്നതിനെകുറിച്ച് എല്ലാമാസവും പരിശീനം നടത്തി വരുന്നുണ്ട്. Elsevier ന്റെ Scopus ഡാറ്റാ ബേസും science direct journal ലുകളും ഈ consortia യിലൂടെ അക്കാദമിക് സമൂഹത്തിന് ലഭ്യമാക്കുന്നുണ്ട്

- **ജേർണൽ കൺസോർഷ്യം**

കാർഷിക ഗവേഷണ കൌൺസിലിന്റെ കീഴിലുള്ള ഡിജിറ്റൽ ലൈബ്രറി കൺസോർഷ്യത്തിൽ കേരള കാർഷിക സർവ്വകലാശാലയും പങ്കാളിയാണ്. ഇതിലൂടെ കേന്ദ്ര ലൈബ്രറിയിലും വിവിധ കോളേജ് ലൈബ്രറികളിലും ചില സ്റ്റേഷനുകളിലും ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള നാലായിരത്തോളം വരുന്ന ഓൺലൈൻ ജേർണലുകളും ഗവേഷണ ഡാറ്റബേസുകളും ഇ-ബുക്കുകളും സർവ്വകലാശാലയുടെ എല്ലാ കോളേജുകളിലും പ്രധാന ഗവേഷണ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

- **ടേർണിറ്റിൻ (TURNITIN)**

സർവ്വകലാശാലയിലൂടെ പുറത്തിറങ്ങുന്ന ഗവേഷണ പ്രബന്ധങ്ങളും, ജേർണൽ പ്രസിദ്ധീകരണങ്ങളും ഉയർന്ന നിലവാരം പുലർത്തുന്നതിനുവേണ്ടി ശുദ്ധീകരണ സോഫ്റ്റ് വെയറായ ടേർണിറ്റിൻ (TURNITIN) വാങ്ങുകയും അത് എല്ലാ കോളജുകളിലെയും വകുപ്പ് മേധാവികൾക്ക് അക്സസ് നൽകുകയും ചെയ്തു.

- **ഗ്രാമർലി**

സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും, ശാസ്ത്രജ്ഞന്മാർക്കും ഗവേഷണ പ്രബന്ധങ്ങൾ രചിക്കുമ്പോൾ ഭാഷാ നൈപുണ്യം വരുത്തുന്നതിന് ഗ്രാമർലി എന്ന കമ്പ്യൂട്ടർ സോഫ്റ്റ്വെയർ വളരെ പ്രയോജനകരമെന്ന് മനസിലാക്കിയതിനാൽ കേന്ദ്ര ലൈബ്രറി അത് വാങ്ങി അക്കാദമിക് സമൂഹത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

## II. ഗവേഷണം

2022-23 ലെ സംസ്ഥാന പദ്ധതികൾക്കായി 4200 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള അംഗീകാരം ലഭ്യമാവുകയും ആദ്യ ഗഡുവായി 800 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. സ്റ്റേഷൻ ഫണ്ടിംഗ് (175.75 ലക്ഷം), മികവിന്റെ കേന്ദ്രങ്ങൾ (48.50 ലക്ഷം), വിത്തും നടീൽ വസ്തുക്കളുടെ ഉത്പാദനം (100 ലക്ഷം), തുടർ പദ്ധതികൾ (325.75 ലക്ഷം), പുതിയ ഗവേഷണ പദ്ധതികൾ (150 ലക്ഷം) എന്നീ ഗവേഷണ മേഖലകളിലായാണ് തുക അനുവദിച്ചത്. 2021-22 വർഷത്തിൽ എന്നതുപോലെ 2022-23 ലും മിക്കവാറും എല്ലാ ഗവേഷണ പദ്ധതികളും ഒന്നിലധികം കേന്ദ്രങ്ങളിലായി ഒന്നിലധികം ശാസ്ത്രജ്ഞരുടെ പങ്കാളിത്തത്തോടെ നെറ്റ്വർക്ക് മാതൃകയിലാണ് നടപ്പാക്കിവരുന്നത്. നെറ്റ്വർക്ക് മാതൃകയിൽ നടപ്പാക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

- ഉഷ്ണമേഖലാ പഴങ്ങളുടെയും പച്ചക്കറി വിളകളുടെയും ഫംഗസ്, ബാക്ടീരിയ, വൈറൽ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ബൊട്ടാണിക്കൽ, എൻഡോഫൈറ്റിക് ബാക്ടീരിയ, ഫംഗസ് എന്നിവയിൽ നിന്നുള്ള നാനോകണങ്ങളുടെ സമന്വയത്തെക്കുറിച്ചുള്ള ഗവേഷണ പദ്ധതി
- പച്ചക്കറി വിളകളിലെ മികവിന്റെ കേന്ദ്രം (സെന്റർ ഓഫ് എക്സലൻസ്)
- കേരളത്തിലെ വിളകൾക്കായി കാർഷിക പാരിസ്ഥിതിക യൂണിറ്റ് (AEU) അടിസ്ഥാനമാക്കിയുള്ള വിള പരിപാലന മുറകൾ (PoP) ശുപാർശ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതി
- ജീനോം എഡിറ്റിംഗിനുള്ള ഗവേഷണ പദ്ധതി
- കേരളത്തിലെ ഔഷധ നെല്ലിനങ്ങളെക്കുറിച്ചുള്ള ജനിതക പഠനങ്ങൾ
- അധിനിവേശ കളകളെക്കുറിച്ചുള്ള ഗവേഷണ പദ്ധതി

- സുസ്ഥിരമായ നെല്ലിന്റെ ഉത്പാദനത്തിന്, തീരദേശ ഉപ്പുരസമുള്ള മണ്ണിലെ ലവണാംശവും അംമ്ലത്വവും കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതി
- ഉയർന്ന മൂല്യമുള്ള പഴങ്ങൾക്കായി കൃത്യതാകൃഷി പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതി.
- കാസർകോഡ് ജനങ്ങളുടെ പങ്കാളിത്തത്തോടെ "കാസർകോഡ് (കാസർകോഡ് കുള്ളൻ) തദ്ദേശിയ കന്നുകാലികളുടെ സംരക്ഷണവും പ്രചാരണവും" എന്നതിനെക്കുറിച്ചുള്ള ഗവേഷണ പദ്ധതി
- കേരളത്തിലെ വീട്ടുവളപ്പുകൾക്ക് അനുയോജ്യമായ ഉയർന്ന വിളവും പ്രതിരോധശേഷിയുമുള്ള പാഷൻഫ്രൂട്ട് (പാസിഫ്ലോറ ഏഡ്യൂലിസ്) ഇനങ്ങളുടെ ശേഖരണവും, സ്വഭാവം വിലയിരുത്തൽ എന്നിവയെക്കുറിച്ചുള്ള ഗവേഷണ പദ്ധതി
- കേരളത്തിലെ തദ്ദേശീയ സയനോബാക്ടീരിയയുടെ സംരക്ഷണത്തിനും ഉപയോഗത്തിനുമുള്ള ഗവേഷണ പദ്ധതി

ഭക്ഷ്യരംഗത്തു സ്വയം പര്യാപ്തത നേടുന്നതിന് കേരളത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. അതിനുതകുന്ന നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്ത് കർഷകരിലേക്ക് യഥാസമയം കൈമാറി ഉത്പാദന മേഖലയെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കേരള കാർഷിക സർവ്വകലാശാല വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്. കേരള കാർഷിക സർവ്വകലാശാല കഴിഞ്ഞ വർഷം 1366 ടൺ വിത്ത്, 68 ലക്ഷം നടീൽ വസ്തുക്കൾ, 50 ടൺ ജൈവനിയന്ത്രണ ഉപാധികൾ എന്നിവ നേരിട്ടും മറ്റ് ഏജൻസികൾ വഴിയും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2022-23 ലും കേരള കാർഷിക സർവ്വകലാശാലക്ക് സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ഒരു കോടി ഫലവൃക്ഷതൈ നടീൽ, നാളികേര വികസന കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള തെങ്ങിൻ തൈ വിതരണം, മറ്റു വിവിധ കാർഷിക പദ്ധതികൾ എന്നിവയിലൂടെ കേരള സർക്കാരിനും കൃഷിവകുപ്പിനും കൃത്യവും വ്യക്തവുമായ പിന്തുണ നൽകാൻ സാധിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷികോല്പാദനത്തിൽ പ്രത്യേകിച്ച് പച്ചക്കറി വിളകളുടെ ആഭ്യന്തര ഉത്പാദനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ച് ഉല്പാദന ഉപാധികളുടെ ആവശ്യകതയും ഏറി വരുന്നുണ്ട്. ഉത്പാദനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനു കേരള കാർഷിക സർവ്വകലാശാല എക്കാലവും പ്രതിജ്ഞാബദ്ധമാണ് എന്നതിനാൽ വിവിധ കേന്ദ്രങ്ങളിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം കാർഷിക സർവ്വകലാശാലയിലെ വിവിധ കേന്ദ്രങ്ങളിലെ ഉത്പാദനവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ഫാം ഓഫീസർമാരുടെ നിയമനവും ഗവേഷണത്തിനും ഉത്പാദത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനവും ഇവയിൽ ഏറ്റവും പ്രാധാന്യമേറിയതാണ്.

ഓഫീസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇലക്ട്രോണിക് ഫയലിംഗ് സംവിധാനം ഗവേഷണ വിഭാഗത്തിൽ നടപ്പാക്കി. കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ നിർവ്വഹണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ലളിതവും ത്വരിതവുമാക്കുന്നതിനും RMES (Research Monitoring and Evaluation System) പോർട്ടൽ രൂപപ്പെടുത്തി പ്രവർത്തന സജ്ജമാക്കി ഏപ്രിൽ ഒന്നു മുതൽ ഈ സംവിധാനം പ്രാബല്യത്തിലാകും.

- സർവ്വകലാശാലയുടെ ഗവേഷണ പ്രസിദ്ധീകരണ നിലവാരവും ഇക്കാലയളവിൽ മെച്ചപ്പെട്ടിട്ടുണ്ട്.
- വിവിധ വിളകളിലെ ജനിതക സംരക്ഷണത്തിനുള്ള മൂന്നു അവാർഡുകൾ കർഷകർക്കും, കർഷക കൂട്ടായ്മക്കും നേടിക്കൊടുക്കുന്നതിൽ കേരള കാർഷിക സർവ്വകലാശാലയുടെ ഭൗതിക സ്വത്തവകാശ സെല്ലിന്റെ പ്രവർത്തനം സഹായകമായി.

- കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, ഓണാട്ടുകര എള്ള്, കാന്തല്ലൂർ വട്ടവട വെളുത്തുള്ളി, അട്ടപ്പാടി തുവര, അട്ടപ്പാടി ആട്ടുകൊമ്പു അവര എന്നി ഉൽപങ്ങൾക്കു ഭൗമസൂചക രെജിസ്ട്രേഷൻ ലഭിച്ചു.
- കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും പതിമൂന്ന് സാങ്കേതികവിദ്യകൾ സംരംഭകർക്ക് കൈമാറുവാനായി തയ്യാറായിട്ടുണ്ട്.
- കൂർക്കയുടെ തൊലി പൊളിക്കുന്ന യന്ത്രത്തിന്റെ പേറ്റന്റ് ലഭിച്ചു.
- വാഴപ്പഴത്തിൽനിന്നും കൈതച്ചക്കയിൽ നിന്നും വൈൻ ഉല്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചു.
- യന്ത്രാധിഷ്ഠിത കുരുമുളക് വിളവെടുപ്പ് യന്ത്രം രൂപകല്പന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്തു.
- സംസ്ഥാനത്തെ ആദിവാസികൾക്കായി വികസിപ്പിച്ച ഹൈഡ്രോളിക് ഗോവണി, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന അടക്കയുടെ തൊലി കളയുന്നതിനുള്ള യന്ത്ര വൽകൃത ഉപകരണം, പെഡൽ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ചന്ദനത്തിരി നിർമ്മാണ യന്ത്രം എന്നിവ വികസിപ്പിച്ചു.
- പീച്ചിലിൽ ഹൈബ്രിഡ് ഇനമായ KRH1 വികസിപ്പിച്ചു.
- മുരിങ്ങയുടെ ഉല്പാദന രീതി ശാസ്ത്രീയമായി വികസിപ്പിച്ചു.
- കണ്ണാറ വാഴ ഗവേഷണ കേന്ദ്രം, വാഴയിൽ ഉത്തമ കൃഷി രീതികൾ (ജിഎപി) സംയോജിപ്പിച്ച് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പ്രദർശന യൂണിറ്റുകൾ സ്ഥാപിച്ചു.
- തെങ്ങിൻ തൈകൾക്കും മാവിൻ തൈകൾക്കുമായി ബാർകോഡ് വികസിപ്പിച്ചു.
- മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുകയും ഉൽപന്നങ്ങൾ തയ്യാറാക്കി സർവ്വകലാശാല വിപണന കേന്ദ്രങ്ങൾ വഴി വിൽപ്പന നടത്തിവരികയും ചെയ്യുന്നു.
- 'എന്റെ വയൽ' എന്ന ആൻഡ്രോയിഡ് മൊബൈൽ അപ്ലിക്കേഷൻ രൂപകൽപന ചെയ്തു.

- കേന്ദ്ര കാർഷിക കർഷകക്ഷേമ മന്ത്രാലയം അഗ്രി സ്റ്റാർട്ടപ്പുകളേയും കർഷകരേയും അണിനിരത്തി നടത്തിയ സമ്മേളനത്തിലേക്ക് RKVY-RAFTAAR അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ പദ്ധതിയിലൂടെ പരിശീലനം പൂർത്തിയാക്കിയ 7 സ്റ്റാർട്ടപ്പുകൾക്ക് പ്രധാന മന്ത്രിയുടെ ക്ഷണം ലഭിച്ചു.
- കുടംപുളിയുടെ ഉപോൽപ്പന്നമായ മാംസള ഭാഗം (Aril) ഉപയോഗിച്ച് ബ്ലെൻഡഡ് പാനീയങ്ങളും ജാമും തയ്യാറാക്കി.
- പാവയ്ക്കയും കാരറ്റുനീരും നിശ്ചിത അനുപാതത്തിൽ ചേർത്ത് റെഡി ടു സെർവ് പാനീയം തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചു.
- മാങ്കോസ്റ്റീനിന്റെ നെക്ടറിൽ മാങ്കോസ്റ്റീനിന്റെ തോടിൽ നിന്നുള്ള പ്രകൃതിദത്ത നിറം വേർതിരിച്ചെടുത്തത് ചേർത്ത് പോഷകമൂല്യമുള്ളതും നിറവുമുള്ളതുമായ നെക്ടർ തയ്യാറാക്കി.
- ചക്കക്കുരുപൊടി ഉപയോഗിച്ചുള്ള ഫംഗ്ഷണൽ കുക്കീസ് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചു.
- വാക്വം ഇമ്പ്രിഗ്നേഷൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നാളികേരത്തിന്റെയും കരിക്കിന്റെയും ചിപ്സ് നിർമ്മിച്ചെടുത്തു.
- സ്പ്രേഡ്രയിങ്ങ് സാങ്കേതികവിദ്യ ഉപയോഗിച്ച് നാളികേരവെള്ളത്തിന്റെയും ഇളനീരിന്റെയും പൊടി നിർമ്മിച്ചു.
- സ്പ്രേ ഡ്രയിങ്ങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നീരയുടെയും, കള്ളിന്റെയും പൊടി നിർമ്മിച്ചു.
- വാണിജ്യപരമായി ഉയർന്ന ഫാലെനോപ്സിസിസ്, ബൊഗൈൻവില്ല, ഇൻഡോർ പ്ലാന്റുകൾ, പുതിയ ഇനം കുരുമുളക് ഇനമായ പന്നിയൂർ 10 എന്നിവയുടെ ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു.
- വാക്വം ഇമ്പ്രിഗ്നേഷൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൈനാപ്പിളിന്റെയും, മാമ്പഴത്തിന്റെയും, പപ്പായയുടെയും, കുമ്പളങ്ങയുടെയും ഉണങ്ങിയ പഴങ്ങൾ നിർമ്മിച്ചു.
- മഞ്ഞളിൽ ടിഷ്യൂക്കൾച്ചർ വഴിയുള്ള പ്രജനനത്തിനായി സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു.

- നെല്ലിന്റെ ഉല്പാദന ശേഷി വർധിപ്പിക്കുന്നതിനായി മൈക്രോ ആർ എൻ എ കൾ ഉപയോഗിച്ച് നെല്ലിൽ ജനിതക ഘടന മാറ്റം വരുത്തി നെൽ ചെടികൾ വികസിപ്പിച്ചു.
- കൊക്കനട്ട് ആപ്പിളിൽ നിന്നുള്ള ഓസ്സ്മോ ഡിഹൈഡ്രേറ്റഡ് ഉത്പന്നവും പൊടിയും വികസിപ്പിച്ചെടുത്തു.
- മാതള നാരങ്ങയുടെ തൊലിയിൽ നിന്നും നിറം വേർതിരിച്ചു എടുക്കുവാനുള്ള മാർഗ്ഗം ഉരുത്തരിച്ചു എടുത്തു.
- സിന്ദൂർ ഇനം ചക്കയിൽ ആക്സിലറി ബഡ് ഇനീഷ്യേഷൻ പ്രോട്ടോക്കോൾ വികസിപ്പിച്ചെടുത്തു.
- വിവിധ പഴം പച്ചക്കറികളിലെ തൊലിയിൽ നിന്നും വേർതിരിച്ചെടുത്ത നിറങ്ങൾ കൃത്യമായ അനുപാതത്തിൽ ചേർത്ത ഉത്പന്നങ്ങൾ ഉണ്ടാക്കി എടുത്തു.
- 1025 ടൺ വിത്തുകളും 51 ലക്ഷം നടീൽ വസ്തുക്കളും 376 ടൺ ജൈവ നിയന്ത്രണ ഉപാധികളും ഉത്പാദിപ്പിച്ചു വിതരണം ചെയ്തു.
- കുമ്മായം അഥവാ നീറ്റുകക്ക വിതറുന്നതു വഴി ജലാശയങ്ങളിൽ കാണുന്ന ഹൈഡ്രില്ല എന്ന കളയെ ഫലപ്രദമായി നിയന്ത്രിക്കാമെന്ന് കണ്ടെത്തി.
- റാലിസ് കമ്പനിയുടെ RIL -281/CF(1% GR) എന്ന കീടനാശിനയുടെ കീടനിയന്ത്രണ ക്ഷമത വിലയിരുത്തുന്നതിനായി നടത്തിയ പരീക്ഷണത്തിൽ RIL -281/CF(1% GR) ഹെക്ടറിൽ 10 കി.ഗ്രാം എന്ന തോതിൽ പ്രയോഗിക്കുമ്പോൾ, തണ്ടുതുരപ്പൻ, ഓലചുരുട്ടി, ഗാളീച്ച, വേൾമാഗട്ട് എന്നിവയ്ക്കെതിരെ ഫലപ്രദമായി കണ്ടെത്തി.
- രോഗ പ്രതിരോധശേഷിയുള്ള ചീരയിനങ്ങളുടെ ഇല സത്തിൽ നിന്നുണ്ടാക്കിയ സിൽവർ നാനോപാർട്ടിക്കിളുകൾ ഉപയോഗിച്ച് ചീരയിലെ ഇലപ്പുള്ളി രോഗം നിയന്ത്രിക്കാൻ സാധിച്ചു.
- എലി, പക്ഷി, കാട്ടുപന്നി എന്നിവയുടെ നിയന്ത്രണത്തിനായി ബാറ്ററികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രം രൂപകൽപ്പന ചെയ്തു.
- കരൾരോഗത്തിനുള്ള സസ്യ ഉറവിടങ്ങളുടെ പരമ്പരാഗത ഉപയോഗരീതികളും ഗുണമേന്മ നിലനിർത്തുവാനുള്ള

സാങ്കേതികവിദ്യക്രമീകരണവും എന്ന ഗവേഷണത്തിൽ 37 വ്യത്യസ്ത ഔഷധസസ്യങ്ങളെ കണ്ടെത്തുകയും 46 പരമ്പരാഗത ഉപയോഗരീതികൾ ശേഖരിക്കുകയും ചെയ്തു. ഇവയിൽ ഏറ്റവും ഫലപ്രദമായ 10 ഔഷധസസ്യങ്ങളിൽ ചിറ്റമൃത് ഏറ്റവും ഉയർന്ന ഇൻവിട്രോ ഹെപ്പറ്റോ പ്രൊട്ടക്ടീവ് ആക്ടിവിറ്റി രേഖപ്പെടുത്തി. ഇൻ വിട്രോ ആൽഫ അമൈലസ് ആക്ടിവിറ്റി കൂടുതൽ ഉള്ള 5 ക്രൂഡ് ഡ്രഗുകളെ ഉണക്കാനും ഗുണമേന്മയുള്ള എക്സ്ട്രാക്ടുകൾ ഉണ്ടാക്കാനുമുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു. സാങ്കേതികവിദ്യ ക്രമീകരണം ഉപയോഗിച്ച് തയ്യാറാക്കിയ അസംസ്കൃത മരുന്നിന്റെ അസറ്റോൺ സത്തിൽ 8.30%, 10.15%, 6.99%, 4.79% 6.40% (ചിറ്റമൃത്, കയ്യോന്നി, കറുക, കുടങ്ങൽ, ഏഴിലംപാല) ഇൻവിട്രോ ഹെപ്പറ്റോ പ്രൊട്ടക്ടീവ് ആക്ടിവിറ്റി പരമ്പരാഗതമായി ഉണക്കിയതിനേക്കാൾ കൂടുതൽ നിലനിർത്താൻ കഴിയുമെന്ന് പഠനം വെളിപ്പെടുത്തി.

- പ്രമേഹ രോഗത്തിനുള്ള സസ്യ ഉറവിടങ്ങളുടെ പരമ്പരാഗത ഉപയോഗ രീതികളും ഗുണമേന്മ നിലനിർത്തുവാനുള്ള സാങ്കേതിക വിദ്യ ക്രമീകരണവും എന്ന ഗവേഷണത്തിൽ 31 വ്യത്യസ്ത ഔഷധ സസ്യങ്ങളെ കണ്ടെത്തുകയും 47 പരമ്പരാഗത ഉപയോഗരീതികൾ ശേഖരിക്കുകയും ചെയ്തു. ഇവയിൽ ആദിവാസി വിഭാഗത്തിൽപെട്ടവർ പ്രധാനമായി ഉപയോഗിക്കുന്ന 10 ഔഷധസസ്യങ്ങളിൽ നീർമരുത് തോലിൽ ഇൻ വിട്രോ ആൽഫ അമൈലസ് ആക്ടിവിറ്റി കൂടുതൽ ആണെന്ന് കണ്ടെത്തി. ഇൻ വിട്രോ ആൽഫ അമൈലസ് ആക്ടിവിറ്റി കൂടുതൽ ഉള്ള 5 ക്രൂഡ് ഡ്രഗുകളെ ഉണക്കാനും ഗുണമേന്മയുള്ള എക്സ്ട്രാക്ടുകൾ ഉണ്ടാക്കാനുമുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു. സാങ്കേതിക വിദ്യ ക്രമീകരണം ഉപയോഗിച്ച് തയ്യാറാക്കിയ അസംസ്കൃത മരുന്നിന്റെ അസറ്റോൺ സത്തിൽ 1.85%, 1.83%, 2.40%, 2.61%, 2.22% (നീർമരുത്, വേങ്ങ, ഞാവൽ, അശോകം, ഓരില) ഇൻ വിട്രോ ആൽഫ അമൈലസ് ആക്ടിവിറ്റി എൻസൈം ഇൻഹിബിഷൻ ആക്ടിവിറ്റി പരമ്പരാഗതമായി

ഉണക്കിയതിനേക്കാൾ കൂടുതൽ നിലനിർത്താൻ കഴിയുമെന്ന് പഠനം വെളിപ്പെടുത്തി.

- ഇഞ്ചിയുടെ ഓട്ടോടെട്രാപ്ലോയിഡുകൾ വികസിപ്പിച്ചെടുത്തു.
- വരിക്ക, കുഴ ചക്കപ്പഴങ്ങളുടെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങളിൽ നിന്നും ആന്റി ഓക്സിഡന്റ്, കാൻസർ & ഹൈപ്പർ ഗ്ളൈസിമിക് വിരുദ്ധ ഗുണങ്ങൾ പരമാവധി വേർതിരിച്ചെടുക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും അവയുടെ രാസസംയുക്തങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. ഫ്രീസ് ഡ്രൈ ചെയ്തും സ്പ്രേ ഡ്രൈ ചെയ്തുമെടുത്ത ഈ സത്തുക്കൾ ഉപയോഗപ്പെടുത്തി ഉയർന്ന ഗുണമേന്മയുള്ള (13-16% അധികം ആന്റി ഓക്സിഡന്റുകൾ) ശീതളപാനീയങ്ങളുണ്ടാക്കാനാകും.
- തക്കാളിയിലും, വെള്ളരി വർഗ വിളകളായ സാലഡ് വെള്ളരി, പാവൽ തുടങ്ങിയ പച്ചക്കറികളിൽ ഗ്രാഫ്റ്റിങ് സാങ്കേതിക വിദ്യ വികസിപ്പിച്ചു. സാലഡ് വെള്ളരി, പാവൽ എന്നിവയിൽ മത്തൻ, ചുരയ്ക്ക എന്നിവ അനുയോജ്യമായ റൂട്സ്റ്റോക്ക് ആയും ഹോൾ ഇൻസെർഷൻ ഗ്രാഫ്റ്റിംഗ് യോജിച്ച ഗ്രാഫ്റ്റിങ് രീതിയായും കാണപ്പെട്ടു.
- സ്പെർമിഡിൻ, ഇൻഡോൾ-3- അസറ്റിക് ആസിഡ് ഫോളിയർ സ്പ്രേ ഉപയോഗിച്ചു നെൽച്ചെടികളിലെ ചൂട് സമ്മർദ്ദ സാഹചര്യങ്ങളുടെ പ്രതികൂല ഫലങ്ങൾ കുറയ്ക്കാൻ കഴിയും എന്ന് കണ്ടെത്തി.
- അവോക്കാഡോ (പെർസീയ അമേരിക്കാനാ) എന്ന പഴത്തിന്റെ വിവിധ ഇനങ്ങൾ, ഇടുക്കി, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്ന് ശേഖരിച്ച് അവയുടെ സ്വഭാവ പഠനം നടത്തിയതിൽ, ഇടുക്കിയിൽ നിന്നുള്ള ഇനം-25 താരതമ്യേന ഉയർന്ന ഗുണ നിലവാരം രേഖപ്പെടുത്തി. അവോക്കാഡോ പഴങ്ങൾ, 2 പി പി എം ഓസോൺ ഉപയോഗിച്ച് അണുവിമുക്തമാക്കി 2 % കാൽസ്യം ക്ളോറൈഡിൽ മുക്കി 25 മൈക്രോൺ പോളിയൊലിഫിൻ ഫിലിം ഉരുക്കി പാക്കേജിങ് ചെയ്തപ്പോൾ, 27 ദിവസം സൂക്ഷിക്കാമെന്ന് കണ്ടെത്തി.
- ആർ.എൻ.എ. ഇന്റർഫിയറൻസ് ടെക്നോളജിയുപയോഗിച്ച് യെല്ലോ മൊസൈസൈക് രോഗത്തിനെതിരെ പ്രതിരോധശക്തിയുള്ള

വെണ്ടയിനങ്ങൾ വികസിപ്പിച്ചു. സത്കീർത്തിയെന്ന വെണ്ടയിനമാണ് ഗവേഷണത്തിനായി ഉപയോഗിച്ചത്.

- കേരള കാർഷിക സർവ്വകലാശാലയുടെ ആദ്യത്തെ റെഡി ടു യൂസ് ജൈവ മിശ്രിതം ആയ വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് ട്രൈക്കോഡെർമയുമായി കലർത്തി ഉപയോഗിക്കാം എന്ന് പരീക്ഷണത്തിൽ കണ്ടെത്തി.
- വിത്തിന്റെ ഗുണനിലവാരവും സംഭരണശേഷിയും മെച്ചപ്പെടുത്തുന്നതിനായി നാനോ കണികകളുടെ ഉപയോഗം പഠന വിധേയമാക്കിയതിൽ സിലിക്കൺ ഡയോക്സൈഡ് ( 500 പി പി എം) നാനോ കണികകൾ വിത്തുകളിൽ പുരട്ടിയതു വഴി മികച്ച വിളവ് തരുന്നതായി കണ്ടെത്തി.
- വെണ്ടയിലെ കീടങ്ങളെ നിയന്ത്രിക്കുന്നതിനായി കാഷ്യൂ നട്ട് ഷെൽ ലിക്വിഡ് (CNSL) അടിസ്ഥാനമാക്കിയുള്ള ബൊട്ടാണിക്കൽ കീടനാശിനികൾ ഉപയോഗിച്ചുള്ള പഠനത്തിൽ വികസിപ്പിച്ചെടുത്ത സസ്യശാസ്ത്ര കീടനാശിനി സംയോജന ഫോർമുലേഷനുകളായ EC1 (സജീവ ചേരുവകൾ - CNSL 10 ശതമാനവും വേപ്പെണ്ണ 10 ശതമാനവും അടങ്ങിയത്), EC2 (CNSL 10 ശതമാനവും പൊങ്ങം എണ്ണ 10 ശതമാനവും) എന്നിവ 1% വീര്യത്തിൽ ശുപാർശ ചെയ്യാവുന്നതാണ് എന്ന് കണ്ടെത്തി.
- പോളിഹൗസുകളിൽ സാലഡ് വെള്ളരിയെ ആക്രമിക്കുന്ന നിമവിരകളെ നിയന്ത്രിക്കുന്നതിന് 1000 ചതുരശ്ര മീറ്റർ പോളിഹൗസിന് ഗ്ലോമസ് ഫാസികുലേറ്റം ഒരു കിലോ എന്ന തോതിൽ തൈ നടുന്നതിന് മുമ്പ് കുഴിയിൽ ഇടുന്നതും 45 ദിവസത്തിനു ശേഷം പൊച്ചോണിയ ക്ലാമിഡോസ്പോറിയം എന്ന ജീവാണു ഒരു കിലോ 100 കിലോ ചാണകത്തിൽ സമ്പുഷ്ടീകരിച്ച് മണ്ണിൽ ചേർക്കുന്നതും ഫലപ്രദമാണെന്ന് കണ്ടെത്തി.
- നെൽകൃഷിയിൽ ഉപയോഗിക്കുന്ന പുതുതലമുറ കീടനാശിനികളായ (ഫ്ലൂബെൻഡയമയ്ഡ്, തൈയോമീതോക്സാം, കോസൈഡ്, ട്രൈഫ്ലോക്സിട്രോബിൻ + ടെബുകോണാസോൾ, സമ്പൂർണ്ണ സൂക്ഷ്മ

മൂലകക്കൂട്ട് എന്നിവ കൂട്ടിച്ചേർത്ത് സ്പ്രേ ചെയ്യുമ്പോൾ നെൽച്ചെടികൾക്ക് പാർശ്വഫലങ്ങൾ ഉണ്ടാകുന്നില്ല എന്ന് കണ്ടെത്തി.

- ജൈവരീതിയിൽ മുളക് കൃഷി ചെയ്യുമ്പോൾ കളനിയന്ത്രണത്തിനായി പോളിത്തീൻ ഉപയോഗിച്ച് പുതയിടുന്നത് ഏറ്റവും കൂടിയ വിളവ് ലഭിക്കുന്നതിന് സഹായിക്കുന്നു. വൈക്കോൽ ഉപയോഗിച്ചുള്ള പുതയിടലും ഫലപ്രദമായി കണ്ടു.
- ഗവേഷണ നിരീക്ഷണങ്ങളിൽ കേരള കാർഷിക സർവ്വകലാശാല ശുപാർശയോടൊപ്പം IISR ഇഞ്ചി സൂക്ഷ്മ മൂലകം 5ഗ്രാം/ലിറ്റർ എന്ന അളവിൽ നട്ട് 60, 90 ദിവസങ്ങൾക്ക് ശേഷം ഇലകളിൽ തളിക്കുന്നത് വിളവുല്പാദനത്തിനു മികച്ചതാണെന്നു കണ്ടെത്തി.
- അഖിലേന്ത്യ സംയോജിത തേനീച്ച പരാഗണ ഗവേഷണ പദ്ധതിയുടെ ഭാഗമായി ചെറുതേനിന്റെ അർബുദ വിരുദ്ധ സ്വഭാവം വിലയിരുത്തുന്നതിനായി ഗവേഷണം നടത്തി. തുടർ പഠനങ്ങളിൽ റാഡിക്കൽ സ്കാവഞ്ചിഗ് അസെയ്സ് ഉപയോഗിച്ച് ആന്റിഓക്സിഡന്റ് പ്രവർത്തനം വിലയിരുത്തിയതിൽ ചെറുതേൻ, ഫ്രീ റാഡിക്കലുകളെ ഫലപ്രദമായി ചെറുക്കുന്നതായി കണ്ടെത്തി. പ്രസ്തുത പഠനത്തിൽ വൻ തേനിന്റെയും ചെറുതേനിന്റെയും താരതമ്യപഠനം നടത്തിയതിൽ ചെറു തേനിലെ ഫീനോളിക് സംയുക്തങ്ങളുടെ (2 - ഹൈഡ്രോക്സി സിനാമിക് ആസിഡ്, മീതൈൽ സിറിങ്ഗേറ്റ്, ഫ്യൂമാരിക് ആസിഡ്) സാന്നിധ്യവും ഫ്രീ റാഡിക്കലുകൾക്കെതിരായുള്ള ഉയർന്ന ആന്റിഓക്സിഡന്റ് പ്രവർത്തനവും കാരണം ചെറുതേൻ സ്തന ഗർഭാശയ അർബുദം പോലുള്ള പ്രത്യുല്പാദന അർബുദങ്ങൾക്കെതിരെ ഗണ്യമായ വ്യാപന വിരുദ്ധപ്രവർത്തനം പ്രകടിപ്പിക്കുന്നതായി കണ്ടെത്തി.

ജാതിവിളക്ക അനുയോജ്യമായ ജീവാണുവളങ്ങളുടെ കൺസോർഷ്യം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പരീക്ഷണത്തിന്റെ ഭാഗമായി വയനാട് മണ്ണിൽനിന്നും വേർതിരിച്ചെടുത്ത റൈസോബാക്ടീരിയകളുടെ നൈട്രജൻ സംപുഷ്ടീകരണം ചെയ്യുന്നതിനുള്ള കാര്യക്ഷമത, ഫോസ്ഫറസ് പൊട്ടാസ്യം എന്നിവ ലയിപ്പിക്കുന്നതിനുള്ള കാര്യക്ഷമത,

ഇൻഡോൾ അസറ്റിക് ആസിഡ് ഉൽപ്പാദനം എന്നിവ ലാബിൽ പരിശോധിക്കുകയുണ്ടായി.

## III. വിജ്ഞാന വ്യാപനം

വിവിധ പ്രസിദ്ധീകരണങ്ങൾ, കാർഷിക സെമിനാറുകൾ, കൃഷിയിടപരീക്ഷണങ്ങൾ, ഡെമോൺസ്ട്രേഷനുകൾ, വിപുലമായ പരിശീലന പരിപാടികൾ, കാർഷിക പ്രദർശനങ്ങൾ, കൃഷിയിട സന്ദർശനം എന്നീ പ്രവർത്തനങ്ങളിലൂടെ ഏറ്റവും പുതിയ കാർഷിക സാങ്കേതിക വിദ്യകൾ കർഷകർക്ക് കൈമാറുകയാണ് വിജ്ഞാന വ്യാപന പദ്ധതികളുടെ പ്രധാന ദൗത്യം. നിർദ്ദിഷ്ടകാലയളവിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു:

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാർഷിക വികസന പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് വേണ്ടി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചു. 152 ബ്ലോക്കുകളിലും ഇക്കാലയളവിൽ വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ശാസ്ത്രജ്ഞർ OFT/FLD (കൃഷിയിട പരീക്ഷണങ്ങളും മുൻനിര പ്രദർശനങ്ങളും) നടത്തുകയുണ്ടായി. കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ നോഡൽ ഓഫീസറും കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമായി പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമെമ്പാടും ഫാം പ്ലാൻ അധിഷ്ഠിത പരിശീലന പ്രവർത്തനങ്ങളും കൃഷിയിട സന്ദർശനങ്ങളും കൃഷി പാഠശാലയും നടന്നു വരുന്നു. BLAKC സംസ്ഥാനത്തെ ഏറ്റവും ശ്രദ്ധേയമായ

വിജ്ഞാന വ്യാപന പരിപാടിയെന്ന ഖ്യാതി ഇതിനോടകം നേടിയിട്ടുണ്ട്.

- അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വിജ്ഞാന വ്യാപന വിഭാഗത്തിന്റെ സഹായത്തോടെ സംഘടിപ്പിച്ച പൂപ്പൊലി 2023 കാർഷിക മേള വൻ വിജയമായിരുന്നു. ഏകദേശം 5 ലക്ഷത്തിലധികം ആൾക്കാർ പൂപ്പൊലി സന്ദർശിച്ചു.
- തൃശ്ശൂർ പൂരത്തോടനുബന്ധിച്ചുള്ള ദൈർഘ്യമേറിയ പ്രദർശന മേളയിലും, ഓണം – നവരാത്രി പ്രദർശനത്തിലും കമ്മ്യൂണിക്കേഷൻ സെന്ററിന്റെ നേതൃത്വത്തിൽ സർവ്വകലാശാല വളരെ സജീവമായി പങ്കെടുത്തു.
- ഡ്രോൺ സാങ്കേതിക വിദ്യ ഉപയോഗിച്ച് വിളകളിൽ സൂക്ഷ്മ മൂലകങ്ങൾ തളിക്കുന്ന പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ കർഷകർക്കിടയിൽ പരിചയപ്പെടുത്തി.
- വിജ്ഞാന വ്യാപന വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന RKVY- RAFTAAR സംരംഭകത്വ വികസന കേന്ദ്രം 120 ൽ അധികം Batch കളിലായി ഏകദേശം മൂവായിരത്തോളം start up കൾക്ക് അടിസ്ഥാന പരിശീലനം കൊടുത്തു. നവീന ആശയങ്ങൾക്ക് 5 ലക്ഷം രൂപയും വാണിജ്യാടിസ്ഥാനത്തിൽ സംരംഭം വികസിപ്പിക്കാനായി 25 ലക്ഷം രൂപയും എന്ന കണക്കിൽ ഏകദേശം 6 കോടിയിൽ അധികം രൂപ ഇതു വഴി വിതരണം ചെയ്തു.
- ഇതിനു പുറമേ നിരവധി സംരംഭകർ കാർഷിക സർവ്വകലാശാലയെ സമീപിക്കുകയും സംരംഭകത്വ വികസന പരിശീലനം നേടുകയും ചെയ്തു. കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക വിദ്യകളുടെ കൈമാറ്റത്തിനും തുടർ പരിശീലനത്തിനുമായി CTI Mannuthy ആരംഭിച്ച ഫാം ബിസിനസ്സ് സ്കൂൾ നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- വിജ്ഞാനവ്യാപന ഡയറക്ടറേററിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും 58 കാർഷിക പ്രസിദ്ധീകരണങ്ങളും കാർഷിക സാങ്കേതിക വിദ്യകളിൽ നൈപുണ്യവൽക്കരണത്തിന് സഹായകരമായ 40 വീഡിയോകളും പുറത്തിറക്കി. ഇതിനു പുറമേ ഗോൾഡൻ ജൂബിലി പരിപാടിയുമായി ബന്ധപ്പെട്ട് സുവനീറും പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- കാർഷിക സർവ്വകലാശാലയുടെ കമ്മ്യൂണിക്കേഷൻ സെൻറർ മണ്ണുത്തിയിൽ നിന്നും എല്ലാ വെള്ളിയാഴ്ചകളിലും ആകാശവാണി, ദൂരദർശൻ കേന്ദ്രങ്ങൾ മുഖാന്തിരം കാർഷിക സർവ്വകലാശാല വാർത്തകളും, കർഷകർക്കുള്ള നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്.
- കമ്മ്യൂണിക്കേഷൻ സെന്ററിൽ കർഷകരുടെ ഉൽപന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി സ്ഥാപിച്ച കോമൺ ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം വിപുലീകരിച്ചു. ഇത് പോലെ കെ.വി.കെ വയനാട്, കെ.വി.കെ മലപ്പുറം തുടങ്ങിയ സ്ഥലങ്ങളിലും Common Facilitation Centre കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.
- കമ്മ്യൂണിക്കേഷൻ സെന്ററിന്റെ നേതൃത്വത്തിൽ കിസാൻ ഇക്കോ പാർക്ക് എന്ന പേരിൽ സാങ്കേതിക വിദ്യകളുടെ പ്രദർശനത്തോട്ടം സന്ദർശകർക്കായി ഒരുക്കി. കൂടാതെ, സഞ്ചരിക്കുന്ന വിജ്ഞാന വ്യാപന പ്രദർശനശാലയും കമ്മ്യൂണിക്കേഷൻ സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. കോവിഡ് മഹാമാരി കാലത്ത് വിത്ത് വണ്ടി എന്ന പേരിൽ ഈ വാഹനം പ്രവർത്തിച്ചു.
- "കൽപ്പധേനു" ത്രൈമാസികയുടെ പ്രസാധനം യഥാസമയത്ത് നടത്തി വരുന്നു. കൂടുതൽ വരിക്കാരെ ചേർക്കുന്നതിനുള്ള പ്രവർത്തനം നടത്തി. കർഷകർക്ക് ഉപകാരപ്രദമായ ലേഖനങ്ങൾ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.
- കാർഷിക സർവ്വകലാശാല വികസിപ്പിച്ച സാങ്കേതിക വിദ്യകൾ കർഷകർക്ക് നൽകുന്നതിനായി നിരവധി മുൻനിര പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണ പരിപാടികൾ, തൊഴിലധിഷ്ഠിത

പരിശീലനങ്ങൾ എന്നിവ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി സംഘടിപ്പിച്ചു വരുന്നു.

- സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ, സ്കൂൾ ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെൻറ് എന്ന പ്രത്യേക സംവിധാനം വഴി കൃഷി, കൃഷി അനുബന്ധ മേഖലകളിൽ പരിശീലന കോഴ്സുകൾ നടത്തി വരുന്നു.
- ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാർക്കും കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും എക്സ്റ്റൻഷൻ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി.
- കൃഷി വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. കാർഷിക വിജ്ഞാന വ്യാപന സ്ഥാപനമായ ATMA യുമായി കൂടുതൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി. ഇതിന്റെ ഭാഗമായി സർവ്വകലാശാല ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ MDDT വിസിറ്റുകൾ കാര്യക്ഷമമായി നടത്തി വരുന്നുണ്ട്.
- കേരള കാർഷിക സർവ്വകലാശാല അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫോർമേഷൻ സെന്ററിന്റെ (ATIC) ആഭിമുഖ്യത്തിൽ കെ.എ.യു.വിന്റെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള "ഹരിതജാലകം" മിനി മാൾ "അന്നജാലകം" ഭക്ഷണശാല എന്നിവ നല്ല രീതിയിൽ നടന്നു വരുന്നു. അതോടൊപ്പം തൃശ്ശൂർ കെ.വി.കെ യുടെ നേതൃത്വത്തിൽ ജ്യൂസ് പാർലറും ആരംഭിച്ചു.
- ATIC ന്റെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളെക്കുറിച്ചുള്ള വീഡിയോകളും, കാർഷിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ചെറു വീഡിയോകളും നിർമ്മിച്ചു.
- കൃഷി വിജ്ഞാന കേന്ദ്രം പാലക്കാടിന്റെ ആഭിമുഖ്യത്തിൽ അട്ടപ്പാടി ആദിവാസി മേഖലകളിൽ കൃഷിയെ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തി.

- കാർഷിക സർവ്വകലാശാലയുടെ വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്മ്യൂണിക്കേഷൻ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ 937 പരിശീലന പരിപാടികൾ നടത്തി. ഇതിൽ 34,278 കർഷകരും , തൊഴിൽ രഹിത വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരും പങ്കെടുത്തു.
- കോട്ടയം കൃഷി വിജ്ഞാന കേന്ദ്രം പരിസരത്ത് ആരംഭിച്ച ഫാം ടൂറിസം പദ്ധതി വിജയകരമായി നടന്നു വരുന്നു.
- കുടുംബശ്രീ മാസ്റ്റർകർഷകർക്കായി വിപുലമായ പരിശീലന പരിപാടികൾ നടപ്പിലാക്കി. കുടുംബശ്രീ മിഷന്റെ പ്രോജക്ട് മാനേജർമാർക്കുള്ള പ്രത്യേക മാനേജ്മെന്റ് പരിശീലനവും സംഘടിപ്പിച്ചു. ഇത്തരം പരിശീലനങ്ങൾ നടത്തുന്നതിനുള്ള പ്രധാനപ്പെട്ട വിഭവകേന്ദ്രമായി കാർഷിക സർവ്വകലാശാല മാറിയിട്ടുണ്ട്
- കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ തൊഴിൽപരിചയ പരിപാടി കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലായി നടത്തിവരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പുമായി ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പു വച്ചു.
- കോഴിക്കോട് വേങ്ങേരിയിൽ സ്ഥാപിച്ച കേരള കാർഷിക സർവ്വകലാശാലയുടെ അഗ്രികൾച്ചറൽ ഇൻഫർമേഷൻ ആന്റ് സെയിൽസ് സെന്റർ വിവിധ പരിശീലന പരിപാടിയിലൂടെ കോഴിക്കോട് ജില്ലയിലെ കർഷകർക്കിടയിൽ മികച്ച പ്രവർത്തനം നടത്തി വരുന്നുണ്ട്.
- ഉന്നത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ വികസന പരിപാടികൾ നടക്കുന്നു. ഇവിടങ്ങളിലെ കർഷകർക്കിടയിൽ കാർഷിക സർവ്വകലാശാല വികസിപ്പിച്ച വിവിധ സാങ്കേതിക വിദ്യകൾ പ്രചരിപ്പിച്ചു.

- വെള്ളാനിക്കരയിലുള്ള സെൻട്രൽ ടെക്നോളജി മ്യൂസിയം വിപുലീകരിച്ചിട്ടുണ്ട്.
- കാർഷിക അറിവുകളും ഗവേഷണ ഫലങ്ങളും ദ്രശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന പ്രവർത്തനം പബ്ലിക്ക് റിലേഷൻസ് ഓഫീസ് നല്ല രീതിയിൽ നടത്തി വരുന്നു.
- കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ വളം-കീടനാശിനി വ്യാപാരികളെ ശാസ്ത്രീയമായി സജ്ജമാക്കുന്ന വിവിധ പരിശീലന പരിപാടികൾ കാർഷിക സർവ്വലാശാലയുടെ സാങ്കേതിക സഹായത്തോടെ പല ജില്ലകളിലും വിജയകരമായി നടത്തി. ഇതിനായി പ്രത്യേക കൈപുസ്തകം പ്രസിദ്ധീകരിച്ചു.
- നഗര പ്രദേശങ്ങളിലെ കർഷകർക്ക് അനുയോജ്യമായ സസ്യപോഷക ചോക്കും, പ്രകൃതിസൗഹൃദ കൃഷിക്കൂട്ട് "ഏക" യും കർഷകർക്കിടയിൽ സ്വീകാര്യത നേടിയിട്ടുണ്ട്.
- കൃഷി വിജ്ഞാന കേന്ദ്രം കണ്ണൂരിന്റെ ആഭിമുഖ്യത്തിൽ ശാസ്തീയമായ കാർഷിക രീതികൾ അവലംബിച്ചു കൊണ്ട് നെല്ലുൽപാദനവും കുരുമുളക് ഉത്പാദനവും ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഹരിത ഉൽപ്പാദന പ്രോട്ടോകോൾ കൂടുതൽ പഞ്ചായത്തുകളിൽ പ്രചരിപ്പിച്ചു വരുന്നു.
- വയനാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ, വയനാടിനും മറ്റു സമീപ ജില്ലകൾക്കുമായി ജൈവ സൂക്ഷ്മാണു വളങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കാർഷിക മൂല്യ വർദ്ധന സംരംഭങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള ആധുനിക യന്ത്രസംവിധാനങ്ങൾ പ്രവർത്തനമാരംഭിച്ചു.
- കൊല്ലം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പയർവർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കുന്ന പ്രോട്ടീൻ പാർക്ക് പദ്ധതി വിജയകരമായി നടപ്പാക്കി.
- തിരുവനന്തപുരം നഗരത്തിൽ നഗരകേന്ദ്രിത കൃഷിമാതൃകകൾ പ്രചരിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

- വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ കർഷക ഉൽപ്പാദന കമ്പനികൾക്ക് രൂപം നൽകി.
- സെന്റർ ഫോർ ഇ ലേർണിംഗിന്റെ ആഭിമുഖ്യത്തിൽ 'Organic Agricultural Management, Plant Propagation & Nursery Management, Soil Health Management and Post-Harvest Management" എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ പുതിയ ബാച്ചുകൾ തുടങ്ങുകയുമുണ്ടായി.
- മേൽപ്പറഞ്ഞ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് പുറമെ 'MOOC' (മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സ്) കോഴ്സുകൾ ആയ 'രോഗകീടനിയന്ത്രണം, ജൈവ ജീവാണു മാർഗ്ഗങ്ങളിലൂടെ', 'കൂൺകൃഷി' എന്നിവയുടെ പുതിയ ബാച്ചുകളും 'തേനീച്ച വളർത്തൽ' എന്ന വിഷയത്തിൽ പുതിയ കോഴ്സും ആരംഭിച്ചു. ഇതിനു പുറമേ 'സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം' എന്ന കോഴ്സും നടത്തി വരുന്നു.
- കമ്മ്യൂണിക്കേഷൻ സെന്ററിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് മലയാളം ഭാഷകളിലായി നിർമ്മിച്ച FEM@Mobile എന്ന മൊബൈൽ ആപ്ലിക്കേഷൻ പരിഷ്കരിച്ചു.
- മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ലിക്വിഡ് സ്യൂഡോമോണാസ് വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ചു കർഷകർക്ക് ലഭ്യമാക്കുന്ന പ്രവർത്തനം തുടങ്ങി. മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ കർഷകരുടെ കണ്ടുപിടുത്തങ്ങൾക്കായുള്ള മ്യൂസിയം ഈ കാലയളവിൽ ഉത്ഘാടനം ചെയ്തു.
- തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കൂൺ വിത്തുകളുടെ ഉത്പാദനവും വിതരണവും വാണിജ്യാടിസ്ഥാനത്തിൽ നടത്തി വരുന്നു.

## IV.അടിസ്ഥാന സൗകര്യ വികസനം

സംസ്ഥാന പദ്ധതി 2022-23 -ൽ 1000 ലക്ഷം രൂപയ്ക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളാണ് നടപ്പിലാക്കിയത്. ഇതിൽ 250 ലക്ഷം രൂപയുടെ പുതിയ പ്രവൃത്തികളും 750 ലക്ഷം രൂപയുടെ തുടർ പ്രവൃത്തികളുമാണ് നടപ്പിലാക്കുന്നത്. ആദ്യ ഗഡുവായി നാല് കോടി രൂപ ലഭ്യമായി.

- 114 ലക്ഷം രൂപയ്ക്ക് അഗ്രികൾച്ചർ കോളേജ്, അമ്പലവയലിലെ പരീക്ഷണാത്മക പഠന പരിപാടിക്കുള്ള ഫീൽഡ് ലാബിന്റെയും (ഉല്പാദന പ്രവർത്തനങ്ങൾ, സംഭരണം, പാക്കിംഗ് മുതലായവ) കാന്റീനിന്റെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം 50 ലക്ഷം രൂപ അടങ്കലിൽ ആരംഭിച്ചിട്ടുണ്ട്.
- 25 ലക്ഷം രൂപ അടങ്കലിൽ കെ.വി.കെ കോട്ടയത്തിലെ ഓഫീസിന്റെ മുൻവശത്തെ കലുങ്കിന്റെ നിർമ്മാണം പുരേഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുക്കൂടാതെ, തുടർപ്രവർത്തികളായ 11.50 ലക്ഷം രൂപയുടെ മെയിൻ കാമ്പസ് വെള്ളാനിക്കരയിലെ അക്കാദമിക് ബ്ലോക്ക് നം. 1-ലെ ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനുവേണ്ടിയുള്ള മുറിയുടെ അറ്റകുറ്റപണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- 49.50 ലക്ഷം രൂപ അടങ്കലിൽ വെള്ളായണി കാർഷിക കോളേജിലെ പഴയ അക്കാദമിക് ബ്ലോക്കിന്റെ വൈദ്യുതീകരണം ഉൾപ്പെടെയുള്ള പുന:രുദ്ധാരണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- 35 ലക്ഷം രൂപ അടങ്കലിൽ വെള്ളായണി കാർഷിക കോളേജിലെ ലാബിന്റെയും ലൈബ്രറി കെട്ടിടത്തിന്റെയും പുന:രുദ്ധാരണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- 15 ലക്ഷം രൂപ അടങ്കലിൽ പടന്നക്കാട് കാർഷിക കോളേജിലെ ഗസ്റ്റ് ഹൗസിന്റെ രണ്ടാം നിലയുടെ അവശേഷിക്കുന്ന ജോലികളും, ഷീറ്റിടലും, വശങ്ങൾ അടയ്ക്കലും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

- 15 ലക്ഷം രൂപ അടങ്കലിൽ വെള്ളായണി കാർഷിക കോളേജിലെ ലേഡീസ് ഹോസ്റ്റൽ അനക്സിനു ഷീറ്റിടുന്ന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- 20 ലക്ഷം രൂപ അടങ്കലിൽ ആർ.എ.ആർ.എസ് മങ്കൊമ്പിലെ ത്രെഷിംഗ് യാർഡിന്റെയും അറ്റകുറ്റപണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- ഒ.ആർ.എ.ആർ.എസ് കായംകുളത്തെ ഡ്രൈയിംഗ് യാർഡിന്റെയും ത്രെഷിംഗ് യാർഡിന്റെയും അറ്റകുറ്റപണികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 20 ലക്ഷം രൂപയാണ് ഈ പ്രവർത്തിക്ക് വകയിരുത്തിയിട്ടുള്ളത്.
- 6 ലക്ഷം രൂപ അടങ്കലിൽ മെയിൻ കാമ്പസ് വെള്ളാനിക്കരയിലെ നിലവിലുള്ള റോഡിന്റെ ഉപരിതലം മിനുക്കൽ പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചു. 3 ലക്ഷം രൂപയുടെ മെയിൻ കാമ്പസ് വെള്ളാനിക്കരയിലെ എയ്സർ കോളേജിലെ കിഴക്കുഭാഗത്തെ പുതിയ ബോർവെൽ നിർമ്മാണത്തിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ആർ.എ.ആർ.എസ് പീലിക്കോടിൽ 18 ലക്ഷം രൂപയുടെ 50,000 ലിറ്റർ ശേഷിയുള്ള ഓവർഹെഡ് വാട്ടർടാങ്കിന്റെ നിർമ്മാണത്തിന്റെ കരാർ ഒപ്പുവച്ചിട്ടുണ്ട്.
- 15 ലക്ഷം രൂപ ചിലവിൽ വെള്ളായണി കാർഷിക കോളേജിലെ എക്സ്റ്റൻഷൻ കെട്ടിടത്തിലെ ഇലക്ട്രിക്കൽ റീ-വയറിംഗ് ജോലികൾ പുരോഗമിച്ചുകൊണ്ടിരക്കുന്നു.
- 3 ലക്ഷം രൂപ ചിലവിൽ ആർ.എ.ആർ.എസ് കുമരകത്തെ യാർഡ് ലൈറ്റുകളുടെ ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- 2023-24 -ൽ 1750 ലക്ഷം രൂപയുടെ പദ്ധതികളാണ് അന്തിമമായി സമർപ്പിച്ചത്. എന്നാൽ 610 ലക്ഷം രൂപയുടെ പുതിയ പ്രവൃത്തികളും 415 ലക്ഷം രൂപയുടെ തുടർപ്രവൃത്തികളുമാണ് വകയിരുത്തിയിരിക്കുന്നത്.
- 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി 2019-20 -ൽ അനുവദിച്ച 190 ലക്ഷം രൂപ ചിലവിൽ അമ്പലവയലിൽ ലോഡീസ്

ഹോസ്റ്റലിന്റെ ഒന്നാം നിലയുടെ നിർമ്മാണം 140 ലക്ഷം രൂപ ചിലവിൽ പടന്നക്കാട് ലേഡീസ് ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ നിർമ്മാണം എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചു.

- സംസ്ഥാന പദ്ധതി 2019-20, 20-21 -ൽ അനുവദിച്ച 87.92 ലക്ഷം രൂപയുടെ ജലശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- സംസ്ഥാന പദ്ധതി 2020-21 -ൽ അനുവദിച്ച 200 ലക്ഷം രൂപ ചിലവിൽ അഗ്രികൾച്ചർ കോളേജ് അമ്പലവയലിലെ ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- സംസ്ഥാന പദ്ധതി വിഹിതം 20-21-ൽ അനുവദിച്ച 110 ലക്ഷം രൂപ ചിലവിൽ വെള്ളായണി കാർഷിക കോളേജിലെ യു.ജി മെൻസ് ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ അവശേഷിക്കുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്.
- കൂടാതെ സംസ്ഥാന പദ്ധതിയിൽ മുൻവർഷങ്ങളിൽ അനുവദിച്ച ഏകദേശം 247 ലക്ഷം രൂപയുടെ 30 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## V. ഇ- ഗവർണൻസ്

2022-23 വർഷത്തേക്ക് 3 പദ്ധതികളിലായി വകയിരുത്തിയിരിക്കുന്ന തുക 100 ലക്ഷം രൂപയാണ്.

2022-23 വർഷത്തിൽ കാർഷിക സർവ്വകലാശാലയുടെ ഇ-ഗവേർണൻസ് ശാക്തീകരിക്കുന്നതിനായി 52 ലക്ഷം രൂപയുടേയും പ്ലാൻ പ്രവൃത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി 10 ലക്ഷം രൂപയുടേയും തുടർ പദ്ധതികൾക്കും ഇലക്ട്രോണിക് ഫയൽ ഫ്ലോ സിസ്റ്റം കാർഷിക സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനുള്ള പുതിയ പദ്ധതിക്കായി 38

ലക്ഷം രൂപയുടേയും പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാവുകയും പദ്ധതി നടത്തിപ്പിന് 20 ലക്ഷം രൂപ ലഭ്യമാവുകയും ചെയ്തു.

പുതിയ പദ്ധതിയിൻ കീഴിൽ കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങാൻ വേണ്ട ഇ-ടെൻഡർ നടപടികൾ പൂർത്തിയായി. ബയോമെട്രിക് അറ്റന്റൻസ് സിസ്റ്റം പൂർണ്ണമാക്കാനായി പുതിയ 50 ബയോമെട്രിക് അറ്റന്റൻസ് മെഷീനുകൾ വാങ്ങാൻ വേണ്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## VI. വിദ്യാർത്ഥിക്ഷേമം

2022-23ൽ വിദ്യാർത്ഥിക്ഷേമ പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായും പടന്നക്കാട് കാർഷിക കോളേജിൽ വിദ്യാർത്ഥിക്ഷേമ വിഭാഗത്തിന്റെ ഉപകേന്ദ്രം ആരംഭിക്കുന്നതിനുമായി 100 ലക്ഷം രൂപയുടെ ഭരണാനുമതിയുമാണ് ലഭ്യമായത്. 20 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിച്ചു. ഈ തുക ഉപയോഗിച്ച് ഡി.എസ്.ഡബ്ല്യൂ ഓഫീസിലെ നവീകരിച്ച സ്റ്റുഡന്റ്സ് കൗൺസിലിംഗ്റൂം പ്രവർത്തനക്ഷമമാക്കുകയും യൂണിവേഴ്സിറ്റിയുടെ 8 കോളേജുകളിലെ സ്റ്റുഡന്റ്സ് കൗൺസിലമാർക്ക് വേതനം നൽകുകയും സ്റ്റുഡന്റ്സ് കോൺഫറൻസ് റൂം പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. എൻ.എസ്.എസ്. പ്രവർത്തനത്തിന്റെ ഭാഗമായി "ബോധ്യം 2022" ജില്ലാതല ആന്റി ഡ്രഗ് ക്വിസ് മത്സരം സംഘടിപ്പിച്ചു. അനുബന്ധ കോളേജുകൾക്ക് സ്പോർട്സ് സാമഗ്രികൾ വാങ്ങുന്നതിനും സ്പോർട്സ് & ഗെയിംസ് മത്സരങ്ങൾക്കായുള്ള കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനും മത്സരാധിഷ്ഠിത പരീക്ഷകൾക്കായും പ്ലേസ്മെന്റിനായും കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

# 2023-24 ലേക്കായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിപ്രവർത്തനങ്ങൾ

2023-24ൽ പദ്ധതി വിഹിതമായി 7500.00 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് വകയിരുത്തിയിരുത്തിയിട്ടുണ്ട്.

2023-24ൽ വിവധ ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിദ്യാഭ്യാസം | 1075.00 |
| 2 | ഗവേഷണം | 4200.00 |
| 3 | വിജ്ഞാന വ്യാപനം | 1000.00 |
| 4 | അടിസ്ഥാന സൗകര്യവികസനം | 1025.00 |
| 5 | ഇ-ഗവർണൻസ് | 100.00 |
| 6 | വിദ്യാർത്ഥിക്ഷേമം | 100.00 |
| | **ആകെ** | 7500.00 |

## I. വിദ്യാഭ്യാസം

2023-24 കാലയളവിൽ തുടർ പദ്ധതികൾക്കായി 1075 ലക്ഷം രൂപയുടെ തുടർ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. സർവ്വകലാശാലയിലെ കോളേജുകളിലെ ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതികൾക്കായുള്ള ചെലവുകൾ, പരിചയ പഠന പദ്ധതി, ബിരുദ – ബിരുദാനന്തര പരിപാടികളുടെ ശക്തിപ്പെടുത്തൽ, ബിരുദാനന്തര ഡോക്ടറേറ്റ് വിദ്യാർത്ഥികൾക്ക് ധനസഹായം, ഗവേഷണ ഗ്രാന്റ്, അക്കാദമിക് ഡയറക്ടറേറ്റും പരീക്ഷാ വിഭാഗവും ശക്തിപ്പെടുത്തൽ,

ലൈബ്രറി സംവിധാനവും ശക്തിപ്പെടുത്തൽ എന്നീ തുടർ പ്രവൃത്തികൾക്കായാണ് തുക വകയിരുത്തിയിട്ടുള്ളത്.

<u>സർവ്വകലാശാല കേന്ദ്ര ലൈബ്രറി –പ്ലാൻ വിഹിതം 2023-24</u>

സർവ്വകലാശാല കേന്ദ്ര ലൈബ്രറിയുടെയും കോളേജ് ലൈബ്രറികളുടെയും ശാക്തീകരണത്തിനായി പദ്ധതിവിഹിതം വകയിരുത്തിയിട്ടുണ്ട്.

## II. ഗവേഷണം

സംസ്ഥാന പ്ലാൻ പദ്ധതിയുടെ ഭാഗമായി 2023-24 ലെ സർവ്വകലാശാലയുടെ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുവാൻ 4200 ലക്ഷം രൂപയ്ക്കുള്ള പദ്ധതി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കാർഷിക സർവകലാശാലയിൽ പ്രവർത്തിക്കുന്ന ആറ് മികവിന്റെ കേന്ദ്രങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കായി 2023 - 24 സാമ്പത്തിക വർഷത്തിലേക്ക് 200 ലക്ഷം രൂപയുടെ പദ്ധതി നിർദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ സ്റ്റേഷൻ ഫണ്ടിംഗ് (900 ലക്ഷം), തുടർ പദ്ധതികൾ (1480.00 ലക്ഷം), പുതിയ ഗവേഷണ പദ്ധതികൾ (720.00 ലക്ഷം) തുടങ്ങിയ ഗവേഷണ മേഖലകളിലായി 3400 ലക്ഷം രൂപയുടേയും വിത്തും നടീൽ വസ്തുക്കളുടെയും ഉത്പാദനത്തിനായി 800 ലക്ഷം രൂപയുടേയും പദ്ധതികൾ സമർപ്പിച്ചിട്ടിട്ടുണ്ട്. സ്റ്റേഷൻ ഫണ്ടിങ്ങിൽ പുതുതായി നിയമിച്ച അസിസ്റ്റന്റ് പ്രൊഫസർമാർ സമർപ്പിച്ച പദ്ധതികൾക്ക് പ്രാഥമിക പരിഗണന നൽകി. പ്രധാന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പരിഗണനാ മേഖല |
|---|---|
| 1. | പ്രധാന വിളകളുടെ വിളപരിപാലന ശുപാർശ കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തയ്യാറാക്കുക (Crop management under climate change Situations) |

| | |
|---|---|
| 2. | വിള ഉത്പാദനം (Crop Production) |
| 3. | വിള മെച്ചപ്പെടുത്തൽ (Crop Improvement) |
| 4. | സംസ്ഥാന കാർഷിക മേഖലയിലെ സസ്യജന്തുജാലങ്ങളുടെ നിരീക്ഷണവും അവയുടെ നിയന്ത്രണത്തിനായുള്ള മാർഗരേഖ തയ്യാറാക്കലും (Monitoring the flora/fauna in the crop land system of the state and developing managing protocol) |
| 5. | സസ്യസംരക്ഷണത്തിനും, ജൈവതന്മാത്രകൾക്കും സൂക്ഷ്മജീവി പഠനങ്ങൾക്കും വേണ്ടിയുള്ള ബയോഫോർമുലേഷനുകളും സൂക്ഷ്മാണുക്കളും (Bio-formulations and microbes for plant protection, bio molecules, microbial studies) |
| 6. | സംസ്കരണവും, മൂല്യവർദ്ധനവും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലും (Productivity enhancement, processing and value addition) |
| 7. | സംയോജിത കൃഷി സംവിധാനങ്ങളുടെ വികസനം (Integrated farming systems Development) |
| 8. | നൂതന ഫലങ്ങൾ (Novel fruits) |
| 9. | മത്സ്യബന്ധനം |
| 10 | സാമ്പത്തികശാസ്ത്രം |
| 11 | സോയിൽ ആൻഡ് വാട്ടർ എഞ്ചിനീയറിംഗ് |
| 12 | ഫോറസ്ട്രി |

- ഇത് കൂടാതെ, കാർഷിക സർവ്വകലാശാലയുടെ ക്യാമ്പസുകൾ കാർബൺ ന്യൂട്രൽ ആക്കുന്നതിനായി വരും വർഷങ്ങളിൽ കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിന്റെ

നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് ശാസ്ത്രീയമായ നിർദ്ദേശങ്ങൾ ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്നതാണ്. 2030 ഓടെ കാർഷിക സർവ്വകലാശാല ക്യാമ്പസുകൾ കാർബൺ ന്യൂട്രൽ ആക്കുക എന്നതു സർവ്വകലാശാല ലക്ഷ്യമിടുന്നു.

- കാർബൺ ന്യൂട്രൽ കൃഷി പ്രോത്സാഹിക്കുന്നതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ ടി വിഷയത്തിൽ അന്താരാഷ്ട്ര തലത്തിൽ മുൻനിരയിലുള്ള ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ചർച്ച ഇതിനോടകം സംഘടിപ്പിച്ചു കഴിഞ്ഞു.
- കാലാവസ്ഥാ വ്യതിയാനം അനുസരിച്ച് പുതുതായി കണ്ടുവരുന്ന കളകളെക്കുറിച്ചും അവയെ നിയന്ത്രിക്കുന്നതിനെ കുറിച്ചുമുള്ള പഠനങ്ങൾ നടത്തുന്നതാണ്.
- നാടൻ മാവിനങ്ങളെ അടിസ്ഥാനമാക്കിയുള്ള കൂടുതൽ പഠനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്യുന്നുണ്ട്.
- തീരദേശങ്ങളിലെ നെൽകൃഷിയെ ബാധിക്കുന്ന മണ്ണിലെ പുളിരസം, ലവണാംശം എന്നിവ നിയന്ത്രിച്ചു നെൽകൃഷി സുസ്ഥിരമാക്കുവാനുള്ള പഠനങ്ങൾ ശാക്തീകരിക്കുന്നതാണ് .
- തെങ്ങിൽ D x T ഹൈബ്രിഡ് ഇനങ്ങളുടെ വികസനത്തിനു പ്രത്യേക മുൻതൂക്കം നൽകുന്നതാണ്.
- കീടനാശിനിയുടെ അവശിഷ്ട പരിശോധന അടിസ്ഥാനമാക്കിയുള്ള ഗവേഷണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

## III. വിജ്ഞാന വ്യാപനം

വിജ്ഞാന വ്യാപന പദ്ധതികളിൽ 325 ലക്ഷം രൂപ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടരുന്നതിനും പൂർത്തീകരിക്കുന്നതിനും 675 ലക്ഷം രൂപ പുതിയ പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്നു.

- കാർഷിക മേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വെള്ളായണി കാർഷിക കോളേജിൽ അഗ്രി ബിസിനസ്സ് ഇങ്കുബേറ്റർ ആരംഭിക്കുന്നതാണ്.
- ജൈവകൃഷിയെ പരിപോഷിപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ അഞ്ച് വ്യത്യസ്ത കേന്ദ്രങ്ങളിൽ മിത്രകീടമായ ട്രൈക്കോഗ്രാമയുടെ വിപുലമായ ഉൽപാദനം നടത്തുന്നതായിരിക്കും.
- പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും.
- ഏറ്റവും ആധുനികമായ സംവിധാനങ്ങളോട് കൂടി മണ്ണുത്തി കെ.എ.യു പ്രസ്സ് നവീകരിക്കുന്നതായിരിക്കും.
- മണ്ണുത്തി ആറ്റിക്കിൽ വീഡിയോ എഡിറ്റിങ്ങ് സ്യൂട്ട് കം സൗണ്ട് റെക്കോർഡിങ്ങ് സ്റ്റുഡിയോ സജ്ജീകരിക്കും.
- വെള്ളാനിക്കര സെൻട്രൽ ടെക്നോളജിക്കൽ മ്യൂസിയം വിശാലമാക്കുകയും കൂടുതൽ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും.
- ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ വഴിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും.
- നഗരങ്ങളിലെ പരിമിതമായ സ്ഥലത്ത് ചെയ്യാവുന്ന കൃഷിരീതികളിൽ പരിശീലനം നൽകുന്നതായിരിക്കും.
- കർഷകന്റെ കൃഷിയിടത്തിൽ വച്ച് തന്നെ മണ്ണ് പരിശോധന നടത്താൻ സാധിക്കുന്ന പദ്ധതി ആവിഷ്കരിക്കും.
- വിവിധ വിളകളിലെ പോഷകപ്രശ്നങ്ങളിൽ കർഷകർക്ക് അവബോധം നൽകുന്നതിനുതകുന്ന തരത്തിലുള്ള വീഡിയോകളും കൈപ്പുസ്തകങ്ങളും നിർമ്മിച്ച് പ്രചരണം നടത്തും.
- മഞ്ചേശ്വരം എക്സ്റ്റൻഷൻ ട്രെയിനിങ്ങ് സ്റ്റേഷനിൽ മറുനാടൻ പുതുതലമുറ ഫലവൃക്ഷങ്ങളുടെ ഒരു പ്രദർശനത്തോട്ടം സ്ഥാപിക്കും.
- പച്ചക്കറിതൈകളിലെ ഗ്രാഫ്റ്റിങ്ങ് സാങ്കേതികവിദ്യയിൽ കർഷകരെ പ്രാപ്തരാക്കാനുള്ള പരിശീലന പരിപാടികൾ നടത്തുന്നതായിരിക്കും.

- അട്ടപ്പാടിയിലെ പരമ്പരാഗത കൃഷി രീതികളെ പരിപോഷിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള പദ്ധതി നടപ്പിലാക്കും.
- കർഷകോൽപാദന കമ്പനികളെയും കർഷകക്കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കാൻ സഹായകരമായ പദ്ധതികൾ നടപ്പിലാക്കും.
- മണ്ണുത്തിയിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്ഥാപിക്കും.
- പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ “കുരുമുളക് മ്യൂസിയം” സ്ഥാപിക്കും.
- തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കിഴങ്ങുവിളകളുടെ പ്രദർശന മ്യൂസിയം സ്ഥാപിക്കും.
- കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ വിവിധ സാങ്കേതിക വിദ്യകൾ ഊർജ്ജിതമായി കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കും.
- കൂൺ വളർത്തലും മൂല്യവർദ്ധനവും അടിസ്ഥാനപ്പെടുത്തിയുള്ള ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതായിരിക്കും.
- കേരളത്തിലെ എല്ലാ ജില്ലകളിലും നടത്തുന്ന അഗ്രോ ക്ലിനിക്ക്, ഫാം അഡ്വൈസറി കോൺക്ലേവ് എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കും. വിദ്യാലയങ്ങളിൽ കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്താൽ ഫാം ക്ലബുകൾ സ്ഥാപിക്കും.
- ആധുനിക കൃഷി രീതികളിൽ പരിശീലനം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കാൻ സഹായകരമാകുന്ന മൊബൈൽ ആപ്പുകൾ വികസിപ്പിച്ച് ലഭ്യമാക്കും.
- ആദിവാസി/ഗോത്ര കർഷകർക്ക് പച്ചക്കറി കൃഷിയിലൂടെ പോഷക സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. പരമ്പരാഗത പച്ചക്കറി വിത്തുകൾ സംരക്ഷിക്കുന്നതിനായി ആദിവാസി/ഗോത്രസമൂഹ കർഷകരുമായി ചേർന്നുകൊണ്ട് കർമ്മ പദ്ധതികൾക്ക് രൂപം കൊടുക്കും.
- ചെറുകിട കർഷകർക്ക് കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിച്ച് കൃഷി മെച്ചപെടുത്താനുള്ള അറിവും സാങ്കേതിക വിദ്യയും നൽകി

മികച്ച ജൈവകൃഷി രീതികൾ സ്വായത്തമാക്കുവാനുള്ള പദ്ധതി നടപ്പിൽ വരുത്തും.

- കൊല്ലം ജില്ലയിൽ സ്ത്രീശാക്തീകരണത്തിലൂടെ ഫ്രൂട്ട്പാർക്ക്, അഗ്രോ പ്രോസസ്സിംഗ് യൂണിറ്റ്, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നൂതന സാങ്കേതിക രീതിയിൽ കൂൺ വളർത്തൽ, തേനീച്ചവളർത്തൽ എന്നിവയെ കുറിച്ച് പരിശീലന പദ്ധതികൾ നടപ്പിലാക്കും. പാലക്കാട് ജില്ലയിലെ പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ കൂൺ വിത്ത് ഉൽപാദിപ്പിച്ചു വിതരണം ചെയ്യുന്ന യൂണിറ്റ് ശക്തമാക്കും.
- അന്താരാഷ്ട്ര ചെറുധാന്യ വർഷത്തിന്റെ ഭാഗമായി ചെറുധാന്യങ്ങളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനായി കൊല്ലം, പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ മില്ലറ്റ് ഹബ് ആരംഭിക്കും .
- തിരഞ്ഞെടുക്കപ്പെട്ട അഗ്രോ-ഇക്കോളജിക്കൽ യൂണിറ്റിലെ നെൽ കർഷകർക്ക് ഉപയോഗപ്രദമായ രീതിയിൽ നിർമ്മിതബുദ്ധി ഉപയോഗിച്ച് നെല്ലിലെ രോഗകീട പ്രവചനം സാധ്യമാകുന്ന തരത്തിൽ സാങ്കേതിക വിദ്യ ഉറപ്പുവരുത്തും. ഇതിനുവേണ്ട കൃഷിയിട പരീക്ഷണങ്ങൾ നടത്തുകയും പശ്ചാത്തല സൗകര്യം ഒരുക്കുകയും ചെയ്യും.
- സംരംഭകത്വ വികസനത്തിനായി ഫാം ബിസിനസ്സ് ഉൾപ്പെടെ വിവിധ പരിശീലന പരിപാടികൾ നടപ്പാക്കും.
- മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കർഷകർക്ക് ആവശ്യമായ ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി വനിതാ ഗ്രൂപ്പുകൾ വഴി നടപ്പിൽ വരുത്തും.
- കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രോടോകോൾ' അടിസ്ഥാനമാക്കിയ കൃഷിരീതി, വ്യത്യസ്ത അഗ്രോ - ഇക്കോളജിക്കൽ യൂണിറ്റിന് യോജ്യമായ രീതിയിൽ നേന്ത്ര വാഴകൃഷിക്ക് വേണ്ടി പ്രചരിപ്പിക്കും.

- തേനീച്ച കൃഷി വഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കും.
- വിവര സാങ്കേതിക വിദ്യകളുപയോഗിച്ച് വിദൂര സ്ഥലങ്ങളിൽ വിർച്ച്വൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ കാലാവസ്ഥയ്ക്ക് അനുസൃതമായ കൃഷിരീതികൾ ഉൾപ്പെടുത്തുന്നതിനുള്ള പ്രത്യേക സാങ്കേതിക സഹായം ആവിഷ്കരിച്ച് നടപ്പിലാക്കും.
- കോൾ നിലങ്ങളുടെയും പാടശേഖരങ്ങളുടെയും GIS Mapping ഉം അതോടൊപ്പം Crop Calendar രൂപീകരണവും.
- വടക്കൻ മലബാറിലെ തനത് കുരുമുളക് ഇനങ്ങൾ കണ്ടെത്തി അവ സംരക്ഷിക്കുന്ന തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കും.

## IV. അടിസ്ഥാനസൗകര്യവികസനം

2023-24 സാമ്പത്തിക വർഷത്തേക്ക് 1025 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 415 ലക്ഷം രൂപയുടെ തുടർ പദ്ധതികളും 610 ലക്ഷം രൂപയുടെ പുതിയ പദ്ധതികളും ഉൾപ്പെടുന്നു.

വെള്ളായനി കാർഷിക കോളേജിൽ 220 ലക്ഷം രൂപയുടെ തുടർ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപയുടെ കേന്ദ്ര ഇൻസ്ട്രുമെന്റേഷൻ സംവിധാനത്തിന്റെ പൂർത്തീകരണം, 20 ലക്ഷം രൂപയുടെ പരീക്ഷാ ഹാളിന്റെ സജ്ജീകരണം, 50 ലക്ഷം രൂപയുടെ കമ്പ്യൂട്ടർ ലാബിന്റെ ശാക്തീകരണം, 100 ലക്ഷം രൂപയുടെ പ്രൊഫസർമാരുടെ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപണികൾ എന്നിവ ഉൾപ്പെടുന്നു.

കെ.എ.യു പ്രസ്സ്, മണ്ണുത്തിയുടെ നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക കോളേജ്, അമ്പലവയലിലെ അക്കാഡമിക് ബ്ലോക്കിന്റെ പൂർത്തീകരണത്തിന് 100 ലക്ഷം രൂപയും ക്യാമ്പസിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

തവനൂർ എൻജിനീയറിങ്ങ് കോളേജിൽ ഗ്രീഷ്മ ലേഡീസ് ഹോസ്റ്റലിന്റെ നവീകരണത്തിന് 10 ലക്ഷം രൂപയും പടന്നക്കാട് കാർഷിക കോളേജിൽ പെൺകുട്ടിളുടെയും ആൺകുട്ടികളുടേയും ഹോസ്റ്റലുകളുടെ അറ്റകുറ്റ പണികൾക്കായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പുതിയ പദ്ധതികളിൽ വിദ്യാർത്ഥികളുടെ താമസ സൗകര്യത്തിന് മുൻതൂക്കം നൽകിയുള്ള പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത്. പടന്നക്കാട് കാർഷിക കോളേജിലെ പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ പൂർത്തികരണത്തിനായി 150 ലക്ഷം രൂപയും സ്റ്റാഫ് ക്വർട്ടേഴ്സിന്റെ നിർമ്മാണത്തിനായി 100 ലക്ഷം രൂപയും ലാബ് കോംപ്ലക്സ് നിർമ്മാണത്തിനായി 50 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. അമ്പലവയൽ കോളേജിൽ ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കായി 75 ലക്ഷം രൂപയും ലേഡീസ് ഹോസ്റ്റൽ ചുറ്റു മതിൽ നിർമ്മാണത്തിനായി 25 ലക്ഷം രൂപയും പ്ലേ ഗ്രൗണ്ട് നിർമ്മാണത്തിനും വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 10 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

കാർഷിക കോളേജ് വെള്ളാനിക്കരയിലെ പരീക്ഷാ ഹാൾ നിർമ്മാണത്തിനായി 50 ലക്ഷം രൂപയും അക്കാദമിക് ശാക്തീകരണത്തിനായി (ഉത്തര, ദക്ഷിണ) 50 ലക്ഷം രൂപയും വകയിരുത്തുന്നു. ഡെ സ്കോളേഴ്സിനുള്ള വിശ്രമ മുറിക്കായി 10 ലക്ഷം

രൂപയും വികലാംഗ വിദ്യാർത്ഥികൾക്കായി ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 20 ലക്ഷം രൂപയും പി.ജി. ലബോറട്ടറി നിർമ്മാണത്തിനായി 10 ലക്ഷം രൂപയും വകയിരുത്തുന്നു. വെള്ളാനിക്കരയിൽ കേന്ദ്ര ഇൻസ്ട്രുമെന്റേഷൻ സംവിധാനത്തിനായുള്ള 50 ലക്ഷം രൂപയും ഹൈ മാസ്ക് ലൈറ്റ് സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപയും പുതിയ പ്രവൃത്തകളിൽ ഉൾപ്പെടുന്നു.

## V. ഇ- ഭരണം

2023-24 വർഷത്തേക്ക് ഇ- ഗവേർണൻസ്, പ്ലാനിങ്ങ് വിഭാഗത്തിനായി 100 ലക്ഷം രൂപയുടെ തുടർ പദ്ധതികളാണ് സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കാർഷിക സർവ്വകലാശാലയിലെ ഇ-ഗവേർണൻസ് ശാക്തീകരണത്തിനുള്ള തുടർ പദ്ധതിയിൽ എല്ലാ സേവനങ്ങളും അഭംഗുരം നടത്തി കൊണ്ടുപോകാൻവേണ്ടി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പുതിയ ഉപകരണങ്ങൾ വാങ്ങാൻ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇംപ്ലിമെന്റിങ്ങ് ഇലക്ട്രോണിക് ഫയൽ ഫ്ലോ സിസ്റ്റം ആന്റ് ഡിസിഷൻ മേക്കിങ്ങ് സിസ്റ്റം ഇൻ ഓൾ സ്റ്റേഷൻസ് അണ്ടർ കെ.എ.യു. – 60 ലക്ഷം രൂപയിൽ ഫയൽ ഫ്ലോ സിസ്റ്റം സബ്സ്ക്രിപ്ഷൻ ആയി 30 ലക്ഷം രൂപയും പുതിയ ഉപകരണങ്ങൾ വാങ്ങാൻ 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സ്ട്രെങ്ങ്ത്തനിങ്ങ് ഓഫ് പ്ലാനിങ്ങ് ആക്ടിവിറ്റീസ് എന്ന പദ്ധതിക്കായി 5 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

## VI. വിദ്യാർത്ഥി ക്ഷേമ വിഭാഗം

2023-24 വർഷത്തേക്കായി 100 ലക്ഷം രൂപയുടെ തുടർ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. വിദ്യാർത്ഥികളുടെ ക്ഷേമ പ്രവർത്തനത്തിനും

ശാക്തീകരണത്തിനുള്ള ഈ പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥികളുടെ കലാകായിക പുരോഗതിക്കായി ഇന്റർ കോളേജിയേറ്റ്/ഇന്റർ അഗ്രി യൂണിവേഴ്സിറ്റി ആർട്സ്/സ്പോർട്സ് എന്നിവയുടെ സംഘാടനം സ്പോർട്സ് & ഗെയിംസ് കോച്ചിംഗ് കാമ്പ് എന്നിവയുടെ സംഘാടനം സ്ത്രീ ശാക്തീകരണത്തിനോടനുബന്ധിച്ച് വിദ്യാർത്ഥിനികൾക്കായി സ്വയം പ്രതിരോധത്തിനും മറ്റുമായി സ്പെഷൽ ട്രയിനിംഗുകൾ യൂണിവേഴ്സിറ്റിക്കു കീഴിലെ കോളേജുകളിൽ സ്പോർട്സ് സാമഗ്രികൾ വാങ്ങി നൽകൽ യൂണിവേഴ്സിറ്റിയുടെ കോളേജുകളിലെ സ്റ്റുഡന്റ്സ് കൗൺസിലമാരെ നിയമിക്കൽ, വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് സൗകര്യം ഒരുക്കൽ, യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾക്കായുള്ള സ്റ്റേഡിയം/പ്ലേ ഗ്രൗണ്ട് എന്നിവയുടെ പരിപാലനം, ഇന്റർനാഷനൽ സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെ പരിപാലനം, സ്പെഷ്യൽ എൻ.എസ്.എസ് ക്യാമ്പുകൾ സംഘടിപ്പിക്കൽ എന്നീ ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു

## ഉപസംഹാരം

ജീവനക്കാരുടെ വേതന ഇനത്തിലും പെൻഷൻ ആനുകൂല്യങ്ങളും മറ്റു സഞ്ചിത ബാധ്യതകളും കൊടുക്കുന്നതിന് സർവ്വകലാശാലക്ക് 2023-24 ൽ ആവശ്യമുള്ള തുക 693.31286 കോടി രൂപയാണ്. ഈ ഇനത്തിൽ 2022-23 സാമ്പത്തിക വർഷത്തെ കുടിശ്ശിക 151.33 കോടി രൂപയാണ്.

617.06122 കോടി രൂപ ആകെ വരവും 875.13253 കോടിരൂപ ചെലവും പ്രതീക്ഷിക്കുന്ന തരത്തിൽ, (-) 258.07131 കോടി രൂപയുടെ കമ്മി ബജറ്റ് ആണ് 2023-24 സാമ്പത്തിക വർഷത്തേക്ക് തയ്യാറാക്കിയിരിക്കുന്നത്.

407.781 കോടി രൂപയുടെ പദ്ധതിയേതര (നോൺ പ്ലാൻ) ധനസഹായവും, 75 കോടി രൂപയുടെ പദ്ധതി (പ്ലാൻ) ധനസഹായവും ഐ.സി.എ.ആറിൽ നിന്നും വിവിധ പദ്ധതികളിലായി 31.76927 കോടി രൂപയും, മറ്റു ബാഹ്യസഹായ പദ്ധതികളിൽനിന്ന് 33 കോടി രൂപയും റിവോൾവിംഗ് ഫണ്ടിൽ നിന്ന് 45.7935 കോടി രൂപയും ആഭ്യന്തര വരുമാനമായി

23.71745 കോടി രൂപയും ഉൾപ്പെടെ പ്രതീക്ഷിക്കുന്ന മൊത്തം വരവ് 617.06122 കോടി രൂപയാണ്.

പദ്ധതിയേതരയിനത്തിൽ 693.31286 കോടി രൂപയും, പദ്ധതിയിനത്തിൽ 69.64072 കോടി രൂപയും, ഐ.സി.എ.ആർ പദ്ധതിയിനത്തിൽ 33.61805 കോടി രൂപയും, മറ്റു ബാഹ്യസഹായ പദ്ധതിയിനത്തിൽ 30.1014 കോടി രൂപയും, റിവോൾവിംങ്ങ് ഫണ്ട് നടത്തിപ്പിൽ 48.4595 കോടി രൂപയും വരുന്ന വിധത്തിൽ മൊത്തം പ്രതീക്ഷിക്കുന്ന ചെലവ് 875.13253 കോടി രൂപയാണ്. ഇപ്രകാരം, 2023-24 വർഷത്തേക്കുള്ള ബജറ്റിൽ (-) 258.07131 കോടി രൂപ കമ്മിയാണ് പ്രതീക്ഷിക്കുന്നത്.

സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക ബാധ്യതകൾ കൂടി ഇതോടൊപ്പം അവതരിപ്പിക്കുന്നു.

| ഇനം | രൂപ കോടിയിൽ |
|---|---|
| ജീവനക്കാരുടെ മാർച്ച് 2021 ശമ്പളത്തോടൊപ്പം പി.എഫ് ലേക്ക് DA അരിയർ ക്രെഡിറ്റ് ചെയ്യേണ്ടതിന് ആവശ്യമായ തുക | 5.32 |
| അദ്ധ്യാപകർക്ക് 2016 UGC ശമ്പള പരിഷ്ക്കരണ അരിയർ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക. | 37.57 |
| അദ്ധ്യാപകർക്ക് CAP അരിയർ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക | 4.96 |
| ഡി.സി. ആർ. ജി കുടിശ്ശിക | 7.76 |
| കമ്മ്യൂട്ടേഷൻ കുടിശ്ശിക | 30.48 |
| 11th പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക | 14.69 |
| മാക്സിമം പെൻഷൻ കുടിശ്ശിക (അദ്ധ്യാപകർ) | 8.79 |

| | |
|---|---|
| UGC 2016 പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക | 10.53 |
| ആജീവനാന്ത കുടിശ്ശിക | 0.21 |
| തൊഴിലാളികളുടെ പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക | 9.45 |
| ക്ഷാമാശ്വാസ കുടിശ്ശിക | 21.57 |
| **ആകെ തുക** | 151.33 |

2023-24 വർഷത്തെ പദ്ധതി വിഹിതം കഴിഞ്ഞ വർഷത്തെ അതെ തുകയായ 75 കോടിയായിത്തന്നെ നിജപ്പെടുത്തിയിരിക്കുന്നത് കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പര്യാപ്തമല്ലാതായിത്തീരുന്നുണ്ട്. അത് പോലെ തന്നെ ഗവേഷണ സാമഗ്രികൾക്ക് ജി.എസ്.ടി. യിൽ നൽകിവന്നിരുന്ന നികുതിയിളവ് ജി.എസ്.ടി. കൌൺസിൽ കഴിഞ്ഞ വർഷം നിർത്തലാക്കിയത് ഗവേഷണത്തിന്റെ ചിലവിൽ വൻ വർദ്ധനവാണ് വരുത്തി വച്ചിട്ടുള്ളത്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ കാർഷിക ഗവേഷണ മേഖലയിൽ ചിലവിടുന്ന പദ്ധതി വിഹിതം വളരെ പരിമിതമാണ്. കാർഷിക ഗവേഷണ-വിദ്യാഭ്യാസ മേഖലയിൽ കർണാടക സർക്കാർ 683 കോടി രൂപയും തമിഴ്നാട് സർക്കാർ 486 കോടിയുമാണ് പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ പദ്ധതി വിഹിതത്തിൽ കാലാനുസൃതമായ വർദ്ധനവ് അത്യാവശ്യമാണ്. അനുവദിക്കുന്ന പദ്ധതി വിഹിതം പൂർണമായും കൃത്യ സമയത്ത് ലഭ്യമാകാത്തത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുന്നുണ്ട്. 2022 - 23 വർഷത്തിലെ 75 കോടി പദ്ധതി വിഹിതത്തിൽ 19 കോടി (25.33 ശതമാനം) മാത്രമാണ് ഇത് വരെ ലഭ്യമായിട്ടുള്ളത്. അതിൽ തന്നെ ഗവേഷണം, വിജ്ഞാന വ്യാപനം, വിദ്യാഭ്യാസം, ഇ-ഗവേർണൻസ്, വിദ്യാർത്ഥി ക്ഷേമം എന്നീ വിഭാഗങ്ങൾക്കായി 15 കോടി രൂപ മാത്രമാണ് ഇത് വരെ ലഭ്യമായിട്ടുള്ളത്.

സർക്കാരിന്റെ പദ്ധതി വിഹിതത്തെ മാത്രം ആശ്രയിക്കാതെ ആഭ്യന്തര വരുമാനം വർധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സർവ്വകലാശാല യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. അത് പോലെ തന്നെ ലഭ്യമായിട്ടുള്ള പരിമിതമായ പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

ഓരോ കൊല്ലവും മാറി മാറി വന്ന പ്രകൃതി ദുരന്തങ്ങളെയും മഹാമാരിയെയും സധൈര്യം നേരിട്ട് നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ താങ്ങി നിർത്തുന്ന കർഷകരെ പുത്തൻ സാങ്കേതിക വിദ്യകളിലൂടെ സഹായിക്കേണ്ട കർത്തവ്യം ഏത് പ്രതിസന്ധിക്കിടയിലും കാർഷിക സർവ്വകലാശാലക്കുണ്ട്. ഉരുത്തിരിച്ചെടുക്കുന്ന സാങ്കേതിക വിദ്യകൾ താമസം വിനാ കർഷകരിലേക്കെത്തിക്കുന്നതിനും സർവകലാശാല പ്രതിജ്ഞാബദ്ധമാണ്.

സർവ്വകലാശാല നേരിടുന്ന പരിമിത വിഭവ സ്രോതസ്സുകൾക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ കേരളത്തിലെ കർഷകർക്ക് കൈത്താങ്ങാകാൻ കാർഷിക സർവ്വകലാശാലയ്ക്ക് ഒട്ടേറെ ചെയ്യാനുണ്ട്. അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി കേരള കർഷക സമൂഹത്തെ മുന്നോട്ട് നയിക്കാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കഴിയും എന്ന് പ്രത്യാശിക്കുന്നു.

**********